# വ്യവസായ-വാണിജ്യ നയം
# 2007

ജൂൺ 2007

**വ്യവസായ-വാണിജ്യ വകുപ്പ്**
**കേരള സർക്കാർ**

# ഉള്ളടക്കം


1. 0 മുഖവുര 03

3. 0 ലക്ഷ്യങ്ങൾ 06

4. 0 തന്ത്രങ്ങൾ 07

5. 0 പരമ്പരാഗത മേഖലകൾ 10

5.1.1. കൈത്തറി, ഖാദി-ഗ്രാമീണ വ്യവസായം 11

5.1.2. വസ്ത്ര നിർമാണ മേഖല 12

5.1.3. കരകൗശല നിർമാണം, പാരമ്പര്യ ഉല്പന്നങ്ങൾ, സുവനീർ വ്യവസായം 12

5.1.4. കയർ 13

5.1.5. പട്ടുനൂൽ വ്യവസായം 14

5.1.6. മുള 14

5.1.7. കശുവണ്ടി 15

5.1.8. ബീഡി 15

5.1.9. ഓടു വ്യവസായം 16

5.1.10. മൽസ്യസംസ്കരണം 16

5.1.11. വ്യാവസായിക സഹകരണസ്ഥാപനങ്ങൾ 16

6. 0 കാർഷികോല്പന്ന വ്യവസായം 17

7. 0 സംസ്ഥാനതല പൊതുമേഖലാ സംരംഭങ്ങൾ 18

8. 0 സൂക്ഷ്മ, ചെറുകിട, മധ്യതല സംരംഭങ്ങൾ 20

9. 0 വൻകിട വ്യവസായങ്ങൾ 21

10. 0 ഉല്പാദന സേവനമേഖലകൾ 22

10. 2 ക്ലസ്റ്റർ വികസന പരിപാടികൾ 22

10. 3 അടിസ്ഥാന സൗകര്യ വികസനം 23

10. 4 ഊന്നൽ മേഖലകളും ഭാവി ലക്ഷ്യങ്ങളും 24

10. 5 വസ്തു ഏറ്റെടുക്കലിനും വസ്തു ഉപയോഗത്തിനുമുള്ള നടപടികൾ 25

11. 0 ബയോടെക്നോളജി, നാനോ ടെക്നോളജി 27

12. 0 ഖനനം, ജിയോളജി 27

13. 0 വ്യാപാരവും വാണിജ്യവും 28

14. 0 ഇൻസെന്റീവുകൾ 29

15. 0 നഷ്ടത്തിലായ യൂണിറ്റുകളുടെ പുനരുജ്ജീവനം 30

16. 0 മനുഷ്യ വിഭവശേഷി വികസനം 30

17. 0 സംരംഭകത്വ വികസനം 30

18. 0 തൊഴിൽബന്ധം 31

19. 0 നിക്ഷേപ പ്രോൽസാഹനം 32

20.0 ഏകജാലകസംവിധാനം 33

## 1.0 മുഖവുര

1.1 ലോകബാങ്ക്, അന്താരാഷ്ട്ര നാണ്യനിധി എന്നിവയുടെ നിർബന്ധത്തിന് വഴങ്ങി കേന്ദ്രസർക്കാർ തൊണ്ണൂറുകളുടെ ആദ്യം തുടങ്ങിവച്ച നവലിബറൽ നയങ്ങൾ പരമ്പരാഗത ഉല്പാദന മേഖലയ്ക്ക് ആപത്ക്കരമായി തീരുകയും ഈ മേഖലകളെ ആശ്രയിച്ചു കഴിയുന്ന ലക്ഷക്കണക്കിന് തൊഴിലാളികളെ ദോഷകരമായി ബാധിക്കുകയും ചെയ്തു. 1991 മുതൽ കേന്ദ്രസർക്കാരുകൾ അംഗീകരിച്ച ഉദാരവൽക്കരണ, സ്വകാര്യവൽക്കരണ, ആഗോളവൽക്കരണ നയം മൂലം സംഭവിച്ചത് ചെറുകിട കർഷകർ, ചെറുകിട-ഇടത്തരം ഉൽപാദകർ, പരമ്പരാഗത വ്യവസായ സംരംഭകർ എന്നിവരുടെ പ്രാന്തവൽക്കരണവും പാപ്പരീകരണവുമാണ്. എല്ലാ വിഭാഗങ്ങൾക്കും തുല്യ അവസരം ലഭിക്കാത്തതു മൂലം വ്യവസായ മേഖല, പ്രത്യേകിച്ചും ചെറുകിട-ഇടത്തരം യൂണിറ്റുകൾ ഗുരുതരമായ പ്രതിസന്ധിയിലാവുകയും അനേകം ഉൽപാദക യൂണിറ്റുകൾ ഒന്നുകിൽ അടച്ചുപൂട്ടാൻ നിർബന്ധിക്കപ്പെടുകയോ അല്ലെങ്കിൽ അവയുടെ മൽസരശേഷി നഷ്ടപ്പെടുകയോ ചെയ്തു. ഉദാരവൽക്കരണ നയങ്ങളുടെ വക്താക്കൾ അവകാശപ്പെടുന്നതുപോലെ അമ്പരപ്പിക്കുന്ന സാമ്പത്തിക വളർച്ച, സാങ്കേതിക പുരോഗതി, വൻതോതിലുള്ള ഉൽപാദനാത്മകമായ വിദേശനിക്ഷേപ പ്രവാഹം, ഉൽപാദനമേഖലയിലെ കയറ്റുമതി സാധ്യത എന്നിങ്ങനെ ഈ നയത്തിന്റേതായ ഗുണഫലങ്ങൾ ഉണ്ടായതുമില്ല. ഒരുപാട് കൊട്ടിഘോഷിക്കപ്പെടുന്ന വിദേശനിക്ഷേപ പ്രവാഹമാവട്ടെ, ഊഹക്കച്ചവടമേഖലയിൽ കേന്ദ്രീകരിച്ചതുകൊണ്ട്, ഉല്പാദനമേഖലകളെയോ അടിസ്ഥാനസൗകര്യ സംവിധാനത്തെയോ ശക്തിപ്പെടുത്തിയില്ല.

1.2 2001-2006 വരെ സംസ്ഥാനത്ത് അധികാരത്തിലുണ്ടായിരുന്ന സർക്കാർ നവലിബറൽ സാമ്പത്തിക നയം കൂടുതൽ ശക്തമായി നടപ്പാക്കുവാനാണ് ശ്രമിച്ചത്. അതിന്റെ ഭാഗമായി, വൻതോതിൽ തൊഴിൽ നൽകിയിരുന്ന പരമ്പരാഗത വ്യവസായത്തെ പൂർണമായി അവഗണിക്കുകയും നിർണായകമായ സാമൂഹ്യ പങ്കാളിത്തമുള്ള നിരവധി സംസ്ഥാനതല പൊതുമേഖലാ സംരംഭങ്ങളെ ദുർബലപ്പെടുത്തുകയും ചെയ്തു. സ്വകാര്യനിക്ഷേപം ആകർഷിക്കുന്നതിലാകട്ടെ ആ സർക്കാർ ദയനീയമായി പരാജയപ്പെട്ടു. വ്യവസായ വളർച്ചയുടെ മുൻഉപാധിയായ അടിസ്ഥാന സൗകര്യ വികസനത്തിൽ ഗവൺമെന്റ് ശ്രദ്ധ പതിപ്പിക്കാത്തതിനാൽ സംസ്ഥാനത്തെ ദുർബലമായിക്കൊണ്ടിരുന്ന വ്യവസായ മേഖല കൂടുതൽ തകരുവാനിടയായി. മറ്റു പ്രധാന ഇന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വിദേശനിക്ഷേപത്തിന്റെ കാര്യത്തിലും കേരളം വളരെ പിന്നിലാണെന്നു കാണാം. 2000-2005 കാലഘട്ടത്തിൽ ഇന്ത്യയിലെത്തിയ വിദേശനിക്ഷേപം 68106 കോടി രൂപയാണ്. ഇതിൽ കേരളത്തിന്റെ പങ്ക് 275 കോടി രൂപ മാത്രമാണ്. 1999-2005 കാലയളവിൽ നേരിട്ടുള്ള വിദേശനിക്ഷേപം ലഭിക്കുന്ന 184 പദ്ധതികൾ കേരളത്തിനുവേണ്ടി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇവ യാഥാർഥ്യമായാൽ മൊത്തം മുതൽമു

ടക്ക് 1217 കോടി രൂപ വരും. ഇത് രാജ്യത്താകെ അംഗീകരിക്കപ്പെട്ട വിദേശനിക്ഷേപത്തിന്റെ 1.26 ശതമാനമേ വരൂ. കേരളം ഇക്കാര്യത്തിൽ 12-ാം സ്ഥാനത്താണ്.

1.3 കഴിഞ്ഞ അഞ്ചുവർഷം ജിഎസ്ഡിപിയിലേക്കുള്ള വ്യവസായ മേഖലയുടെ സംഭാവനയും നിരാശാജനകമാണ്. ഉല്പാദനമേഖലയുടെ സംഭാവനയിലും 2000-2001 മുതൽ 2004-2005 വരെയുള്ള ഘട്ടത്തിൽ നിർണായക കുറവു വന്നിട്ടുണ്ട്. 2000-2001-ൽ ഇത് 10.8 ശതമാനം ആയിരുന്നെങ്കിൽ 2004-2005-ൽ ഇത് 8.2 ശതമാനമായി കുറഞ്ഞു. വ്യാവസായിക ഉല്പാദനത്തിന്റെ പൊതുസൂചികയും 2001-2002-ൽ 302.29 ൽനിന്നും 2003-2004-ൽ 262.59 ആയി താഴുകയാണ് ഉണ്ടായത്. പാനീയങ്ങൾ, പുകയില, പരുത്തിവസ്ത്രം, അടിസ്ഥാന രാസവസ്തുക്കൾ, ലോഹേതര ഉല്പന്നങ്ങൾ, അടിസ്ഥാനലോഹ അയിരുല്പന്നങ്ങൾ, യന്ത്രോപകരണങ്ങൾ തുടങ്ങി നിരവധി ഉല്പന്നങ്ങളുടെ കാര്യത്തിൽ വളർച്ചയല്ല, തളർച്ചയാണുണ്ടായത്.[1]

1.4 കഴിഞ്ഞ അഞ്ചു ദശാബ്ദക്കാലമായി സംസ്ഥാന സർക്കാരിനോട് കേന്ദ്രസർക്കാർ അനുവർത്തിക്കുന്ന സമീപനം ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ താൽപര്യത്തിന് നിരക്കുന്നതല്ല. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ അഭ്യർഥനകളുണ്ടായിട്ടും വ്യവസായമേഖലയിലുണ്ടാകേണ്ട കേന്ദ്രനിക്ഷേപം ഉണ്ടായിട്ടില്ല. 2005 മാർച്ചിൽ സംസ്ഥാനത്തെ കേന്ദ്രനിക്ഷേപം 16828 കോടി രൂപയാണ്. രാജ്യത്തെ ആകെ നിക്ഷേപത്തിന്റെ 2.59 ശതമാനം മാത്രമാണത്. 2002-2003-ൽ ഇത് 2.77 ശതമാനം ആയിരുന്നു. മൊത്തം നിക്ഷേപത്തിന്റെ കണക്കെടുക്കുമ്പോൾ കേരളം പതിനഞ്ചാം സ്ഥാനത്താണ്. വിദ്യാസമ്പന്നരായ യുവാക്കൾ ഏറ്റവും കൂടുതൽ കേരളത്തിലാണെന്ന വസ്തുത നിലനിൽക്കുമ്പോൾ കേന്ദ്രമേഖല സൃഷ്ടിച്ച തൊഴിലവസരങ്ങൾ കുത്തനെ കുറയുകയാണുണ്ടായത്. കേരളത്തിനർഹമായ കേന്ദ്രനിക്ഷേപം ലഭ്യമാക്കുന്നതിന് സംസ്ഥാനം ആവശ്യമായ സമ്മർദ്ദം ചെലുത്തും. 2002-2003-ൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം 48,000 ആയിരുന്നെങ്കിൽ 2003-2004-ൽ അത് 45,000 ആയും 2004-2005-ൽ 42000 ആയും കുറഞ്ഞു എന്ന വസ്തുത ശ്രദ്ധിക്കേണ്ടതാണ്. ഉദാരവൽക്കരണനയം ശക്തമായി നടപ്പാക്കിയിരുന്ന മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ (2001-2006) സംസ്ഥാന പൊതുമേഖലയിൽ നേരിട്ടുള്ള തൊഴിലവസരങ്ങളിലും കുത്തനെയുള്ള കുറവുണ്ടായി. സ്വയം പിരിഞ്ഞുപോകൽ പദ്ധതിയനുസരിച്ചും മറ്റു തൊഴിലാളി വിഭജനപദ്ധതികളനുസരിച്ചും ഈ കാലഘട്ടത്തിൽ 15,958 തൊഴിലാളികളെ വെട്ടിക്കുറയ്ക്കുകയുണ്ടായി. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ കണക്കു പ്രകാരം, തൊഴിലാളികളെ പിരിച്ചുവിട്ടതിനെ തുടർന്ന് പൊതുമേഖലയിലെ തൊഴിലാളികളുടെ എണ്ണം 31-03-2001-ൽ 1,28,021 ആയിരുന്നത് 31--3-2006-ൽ 112,063 ആയി ചുരുങ്ങി.

---

1. ഇക്കണോമിക് റിവ്യൂ, 2005 സംസ്ഥാന ആസൂത്രണബോർഡ് കേരള

1.5 ഉദാരവൽക്കരണ ഇറക്കുമതിനയം സംസ്ഥാനത്തിന് ദോഷകരമാണെന്ന് വ്യക്തമായിട്ടുണ്ട്. കെമിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, മാനുഫാക്ചറിങ് മേഖലയ്ക്കാണ് ഏറ്റവും ഗുരുതരമായ ദോഷം സംഭവിച്ചത്. ബഹുരാഷ്ട്ര കുത്തകകളുടെ തള്ളിക്കയറ്റത്തിൽനിന്ന് സ്വദേശീയമേഖലകളെ സംരക്ഷിക്കുന്ന തരത്തിൽ ഇറക്കുമതി നയത്തിൽ മാറ്റം വരുത്തുവാൻ സംസ്ഥാനം കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും.

1.6 രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ സംസ്ഥാനത്തെ വ്യവസായ വികസനത്തിന് ആവശ്യമായ വിഭവങ്ങൾ അനുവദിക്കാൻ സർക്കാരിനു കഴിയുന്നില്ല. സംസ്ഥാന ധനസ്ഥിതിയെക്കുറിച്ചുള്ള കണക്കുകൾ പ്രതിസന്ധിയുടെ രൂക്ഷത വെളിപ്പെടുത്തുന്നു.[2]

1.7 ഈ നിരാശാജനകമായ പശ്ചാത്തലത്തിലാണ് 2006 മേയിൽ ഇന്നത്തെ സർക്കാർ അധികാരത്തിലേറിയത്. കടുത്ത ബാധ്യതകൾ നിലനിൽക്കുന്നുണ്ടെങ്കിലും സംസ്ഥാനത്തെ വ്യാവസായിക വളർച്ചയുടെ പുരോഗതി, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, സമഗ്രമായ സാമ്പത്തിക വികാസം എന്നീ കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാനസർക്കാർ പ്രതിജ്ഞാബദ്ധമാണ്.

1.8 പരമ്പരാഗത വ്യവസായങ്ങളുടെ ആധുനികവൽക്കരണം, ലോകനിലവാരമുള്ള അടിസ്ഥാന സൗകര്യ സജ്ജീകരണം, ആവശ്യത്തിന് ഊർജ്ജം, വെള്ളം എന്നിവ ഉറപ്പാക്കുക; പ്രകൃതിവിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക; കേന്ദ്രനിക്ഷേപം ആകർഷിക്കുക; പരസ്പരം പ്രയോജനപ്പെടുന്ന വിധത്തിൽ സ്വകാര്യ മൂലധനം ആകർഷിക്കുക; സമ്പന്നമായ മനുഷ്യവിഭവശേഷി പ്രയോജനപ്പെടുത്തുക തുടങ്ങിയ നടപടികളിലൂടെ ലക്ഷ്യസാക്ഷാൽക്കാരത്തിനാണ് സംസ്ഥാനസർക്കാർ ശ്രമിക്കുന്നത്. ഒരു നയരേഖ സ്വയമേവ ഫലം കൊണ്ടുവരില്ലെന്ന് സർക്കാരിന് ഉറപ്പുണ്ട്. ആ നയം വിജയകരമായി പ്രവർത്തനപഥത്തിലെത്തിക്കുന്നതിനുവേണ്ട സംവിധാനംകൂടിയുണ്ടാകണം. അതിനാൽ സമയബന്ധിതമായും കാര്യക്ഷമമായും പദ്ധതികൾ നടപ്പാക്കുമെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഏജൻസികളെ ശക്തമാക്കാനും സർക്കാർ നടപടികൾ സ്വീകരിക്കും.

## *2. 0 കാഴ്ചപ്പാട് (vision)*

ദ്രുതഗതിയിലുള്ള വ്യവസായവൽക്കരണത്തിലൂടെയും പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ സാമൂഹ്യലക്ഷ്യങ്ങൾക്ക് പ്രത്യേകം ഊന്നൽ നൽകിക്കൊണ്ട് വാണിജ്യരംഗത്ത് കുതിച്ചുചാട്ടം നടത്തിയും ഉയർന്ന സ്ഥായിയായ സാമ്പത്തിക പുരോഗതി നേടുക, ന്യായമായ വേതനം ഉറപ്പുനൽകിക്കൊണ്ട് വൻതോതിൽ തൊഴിലവസരം സഷ്ടിക്കുക, കേരളത്തെ നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റുക.

---

2. 2006-07 ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 5916 കോടി രൂപയാണ്.

## *3. 0 ലക്ഷ്യങ്ങൾ*

3.1 ഉൽപാദനം, കാർഷികോല്പന്ന സംസ്കരണം, ആരോഗ്യസേവനം, വിജ്ഞാനാധിഷ്ഠിത വ്യവസായ സേവന മേഖലകൾ എന്നിവയിൽ കേരളത്തെ ഏറ്റവും പ്രധാന ലക്ഷ്യസംസ്ഥാനമാക്കി മാറ്റുക.

3.2 സാങ്കേതിക വികാസം, വൈവിധ്യവൽക്കരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരണം എന്നിവയിലൂടെ സംസ്ഥാനതല പൊതുമേഖലാ സംരംഭങ്ങൾ ശക്തമാക്കുക.

3.3 ആധുനികവൽക്കരണം, മൂല്യവർധനവ്, വൈദഗ്ധ്യവികസനം എന്നിവയിലൂടെ പരമ്പരാഗത വ്യവസായങ്ങൾ മൽസരയോഗ്യമാക്കുക.

3.4 വൻവ്യവസായങ്ങൾക്ക് സഹായകരമായി പ്രവർത്തിക്കുന്നവ എന്ന തരത്തിലും ഒപ്പംതന്നെ സ്വയംപര്യാപ്തമായ സ്ഥാപനങ്ങൾ എന്ന നിലയിലും എസ്എംഎസ്ഇ കളെ സഹായിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുക. സംസ്ഥാനത്തെ ഏറ്റവും പ്രമുഖ തൊഴിൽദാതാവെന്ന പരിഗണന എസ്എംഎസ്ഇ കൾക്ക് നൽകും.

3.5 പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടും പൊതുമേഖലയിൽ മാത്രമായി ധാതുമണൽഖനനം പരിമിതപ്പെടുത്തിക്കൊണ്ടും സംസ്ഥാനത്തെ സമ്പന്നവും സമ്പുഷ്ടവുമായ ധാതുമണൽ പ്രയോജനപ്പെടുത്തുക.

3.6 വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, വിഴിഞ്ഞം ആഴക്കടൽ തുറമുഖം, പെട്രോനെറ്റ് എൽഎൻജി ടെർമിനൽ മുതലായ വൻകിട പദ്ധതികൾ പൂർത്തിയാകുന്നതോടെ തുറന്നുകിട്ടുന്ന വ്യാവസായിക-വാണിജ്യ സാധ്യതകളെ സ്വരുമിപ്പിച്ച് പ്രയോഗതലത്തിലെത്തിക്കുവാൻ സംസ്ഥാനത്തെ പ്രാപ്തമാക്കുക.

3.7 വ്യവസായ -വാണിജ്യ സേവനമേഖലകളിൽ വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

3.8 പരസ്പരം പ്രയോജനപ്പെടുന്ന വ്യവസ്ഥകളോടെ വൻനിക്ഷേപം ആകർഷിക്കുക.

3.9 ബയോടെക്നോളജിയുടെ അപാരമായ വ്യവസായ സാധ്യത ഉപയോഗപ്പെടുത്തുക.

3.10 സേവനമേഖലയിലെ വളർച്ച ത്വരിതപ്പെടുത്തിക്കൊണ്ട് കേരളത്തെ പ്രമുഖ വാണിജ്യ കേന്ദ്രമാക്കുക.

3.11 ഏറ്റവും നവീനമായ വിദ്യാഭ്യാസം, തൊഴിൽ വൈദഗ്ദ്ധ്യം എന്നിവയിലൂടെ കേരളത്തെ ആഗോളതലത്തിൽ ശ്രദ്ധാകേന്ദ്രമാക്കി മാറ്റുകയും അതിനായി ബഹുമുഖമായ സാങ്കേതിക പരിജ്ഞാനമുള്ള വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സഹായം ഉറപ്പുവരുത്തുകയും ചെയ്യുക.

## 4. 0 *തന്ത്രങ്ങൾ*

4.1 ഇൻഫ്രാസ്ട്രക്ച്ചേഴ്സ് കേരളാ ലിമിറ്റഡ്, കെ.എസ്.ഐ.ഡി.സി., കിൻഫ്ര, ഡിഐസി എന്നിവയുടെ സഹായത്തോടെയും പ്രവാസി മലയാളികളുടെ പങ്കാളിത്തത്തോടെയും സംസ്ഥാനത്തെ വ്യവസായ അടിസ്ഥാന സൗകര്യം ലോകനിലവാരത്തിൽ വികസിപ്പിക്കുക.

4.2 വസ്ത്രനിർമ്മാണം, കാർഷികോല്പന്ന സംസ്കരണം, വിവരവിനിമയസാങ്കേതികവിദ്യ തുടങ്ങിയ മേഖലകൾക്ക് ഊന്നൽ നൽകുന്ന ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുക.

4.3 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കാവശ്യമായ മൂലധന നിക്ഷേപവും സാങ്കേതിക സഹായവും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ, കേന്ദ്രസ്ഥാപനങ്ങൾ എന്നിവയിൽനിന്നും നേടിയെടുക്കുക, പരസ്പരം പ്രയോജനകരമായ വ്യവസ്ഥകളോടുകൂടി ആഗോളനിക്ഷേപകരുമായി ചേർന്ന് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.

4.4 വ്യവസായങ്ങൾക്ക് ഗുണനിലവാരമുള്ള വൈദ്യുതി മുടങ്ങാതെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

4.5 ലാഭകരമാക്കാൻ സാധ്യതയുള്ള സംസ്ഥാനതല പൊതുമേഖലാ സ്ഥാപനങ്ങൾ പുനഃസംഘടിപ്പിക്കുകയും ആധുനികവൽക്കരിക്കുകയും വൈവിധ്യവൽക്കരിക്കുകയും മാനേജ്മെന്റ് കൂടുതൽ വൈദഗ്ദ്ധ്യമുള്ളതാക്കുകയും ചെയ്യുക.

4.6 ലാഭസാധ്യതയില്ലാത്തതോ അടച്ചുപൂട്ടിയതോ ആയ പൊതുമേഖലാ സ്ഥാപനങ്ങളുടെ വസ്തു

വകകൾ മറ്റു പ്രവർത്തനക്ഷമമായ പൊതുമേഖലാ സ്ഥാപനങ്ങളിലേക്കോ ഗവൺമെന്റിന്റെ അടിസ്ഥാന സൗകര്യവികസന ഏജൻസികളിലേക്കോ മാറ്റിക്കൊണ്ട് അവയെ വ്യവസായ ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുക.

4.7 പരമ്പരാഗത വ്യവസായ മേഖലയിൽ ആധുനിക പരിഷ്കൃത സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുകയും ആവശ്യാനുസൃത പരിശീലനം നൽകി തൊഴിലാളികളുടെ വൈദഗ്ദ്ധ്യവും അറിവും മെച്ചപ്പെടുത്തുകയും ചെയ്യുക.

4.8 ആഭ്യന്തര, അന്താരാഷ്ട്ര വിപണികളുടെ സാധ്യതകൾ ചൂഷണം ചെയ്യുന്നതിനുപയുക്തമായ രീതിയിൽ പരമ്പരാഗത വ്യവസായ മേഖലയിലെ ബിസിനസ് ശൃംഖല ശക്തമാക്കുക.

4.9 പരമ്പരാഗത വ്യവസായ മേഖലയുടെ വികാസത്തിനും തൊഴിലാളികളുടെ ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന ഗവൺമെന്റ് ഏജൻസികൾ പുനഃസംഘടിപ്പിക്കുക.

4.10 വ്യവസായ ആവശ്യത്തിന് മുടങ്ങാതെ വെള്ളം ലഭിക്കുന്നതിന് ഫലപ്രദവും ശാസ്ത്രീയവുമായ സംവിധാനമുണ്ടാക്കുക.

4.11 കേന്ദ്രസർക്കാർ ഏജൻസികളുടെയും അന്താരാഷ്ട്രസംഘടനകളുടെയും പിന്തുണയോടെ ഏറ്റവും മെച്ചപ്പെട്ട സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് ടൈറ്റാനിയം ലോഹവും വിവിധ ടൈറ്റാനിയം ഉല്പന്നങ്ങളും ഉല്പാദിപ്പിക്കുകയും ടൈറ്റാനിയം വ്യവസായങ്ങളുടെ ഒരു ശൃംഖല വികസിപ്പിച്ചെടുക്കുകയും ചെയ്യുക.

4.12 പൊതുമേഖലാ സംരംഭങ്ങളിലൂടെ ശാസ്ത്രീയമായ രീതിയിൽ കേരളത്തിലെ ധാതുമണൽ ചൂഷണം ചെയ്യുക.

4.13 ഇലക്ട്രോണിക്സ് രംഗത്തും അനുബന്ധമേഖലകളിലുമുള്ള വ്യവസായങ്ങൾ നിലനിർത്താനും പ്രോൽസാഹിപ്പിക്കുവാനും ശക്തമാക്കുവാനും സഹായകമായ രീതിയിൽ ഇലക്ട്രോണിക് ഹബ് സ്ഥാപിക്കുക.

4.14 ബയോടെക്നോളജി വ്യവസായങ്ങളിലേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിന് അടിസ്ഥാന സൗകര്യവികാസം ഉറപ്പാക്കുക.

4.15 തിരഞ്ഞെടുക്കപ്പെട്ട മേഖലകളിലും സാധ്യതാ പ്രദേശങ്ങളിലും വ്യവസായ ഇടനാഴികൾ സ്ഥാപിക്കുകയും ക്ലസ്റ്റർ വികസനം പ്രോൽസാഹിപ്പിക്കുകയും ക്ലസ്റ്ററിന്റെയോ ഇടനാഴിയുടേയോ പരിധിയിൽ പെടാത്ത വിഭാഗങ്ങൾക്ക് പ്രയോജനം നിഷേധിക്കപ്പെടില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

4.16 ഉല്പാദന, വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾക്ക് അനുയോജ്യമായ സുപ്രധാന പ്രദേശങ്ങളിൽ തൊഴിൽ വൈദഗ്ധ്യ വികസന സ്ഥാപനങ്ങൾ ആരംഭിക്കുവാൻ പ്രോൽസാഹനം നൽകുക.

4.17 സ്ഥാപനസംവിധാനത്തിലൂടെയും ജനകീയപങ്കാളിത്തത്തോടെയും പ്രാദേശികസംരംഭങ്ങൾ പ്രോൽസാഹിപ്പിക്കുക.

4.18 സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് യോജിച്ചവിധത്തിൽ സാങ്കേതികം, ശാസ്ത്രീയം, തൊഴിൽവൈദഗ്ധ്യവികാസം, മാനേജ്മെന്റ്, നികുതി സംവിധാനം എന്നീ മേഖലകളിലെ പ്രശസ്ത സ്ഥാപനങ്ങളുടെ വൈദഗ്ധ്യം കൃത്യമായ ദിശകളിലേക്ക് തിരിച്ചുവിടുക.

4.19 വ്യവസായ സംഘടനകളും മറ്റു വാണിജ്യ സമിതികളുമായി നിരന്തരമായ ബന്ധം സ്ഥാപിച്ചുകൊണ്ട് വ്യവസായ-വാണിജ്യമേഖലകളിൽ സാധ്യമായ ഗവൺമെന്റ് സഹായം നൽകുന്നതിനും ആവശ്യമുള്ളപ്പോൾ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും സംവിധാനം വികസിപ്പിക്കുക.

4.20 സമ്പദ്വ്യവസ്ഥയുടെ വളർച്ചയ്ക്ക് ഉതകുന്ന തരത്തിൽ വിദേശനിക്ഷേപം കണ്ടെത്തുവാനും ആകർഷിക്കുവാനും അതുവഴി തൊഴിൽ സാധ്യത വർധിപ്പിക്കുവാനും സാങ്കേതികപുരോഗതിയിൽ സഹായിക്കുവാനും വിദഗ്ധ സമിതികൾ രൂപീകരിക്കുക.

4.21 കേന്ദ്രപദ്ധതികൾ സമയാസമയങ്ങളിൽ നടപ്പിലാക്കുവാനും അവയ്ക്ക് ശരിയായ രീതിയിൽ മേൽനോട്ടം വഹിക്കുവാനും സംസ്ഥാനത്തിന്റെ വ്യവസായ-വാണിജ്യവികാസത്തിന് ആവശ്യമായ രീതിയിൽ കേന്ദ്രവിഹിതം പരമാവധി നേടിയെടുക്കുന്നതിനും പ്രത്യേക സംവിധാനം രൂപപ്പെടുത്തുക.

4.22 വ്യവസായ മാനേജ്മെന്റിൽ തൊഴിലാളി പങ്കാളിത്തം ഉറപ്പുവരുത്തുക.

4.23 പദ്ധതികൾ കാലതാമസമില്ലാതെ നടപ്പാക്കുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് അതാതു വകുപ്പുകളിൽനിന്നും സമയബന്ധിതമായി അനുമതി ലഭിക്കുന്നതിനുവേണ്ട സംവിധാനം ശക്തമാക്കും.

4.24 പുതിയ പദ്ധതികളുടെ നിർമ്മാണപ്രവൃത്തി മൂന്നു ഷിഫ്റ്റുകളിൽ 24 മണിക്കൂറും മുടങ്ങാതെ നടക്കുന്നതിന് സംവിധാനമുണ്ടാക്കും. അതുവഴി പദ്ധതികളുടെ പൂർത്തീകരണം അതിവേഗത്തിലാക്കും.

4.25 പുതിയ പദ്ധതികളുടെ നിർമാണപ്രവൃത്തി തൊഴിൽതർക്കം മൂലം തടസ്സപ്പെടുന്നതും വൈകുന്നതും ഒഴിവാക്കാൻ വ്യവസായ ബന്ധസമിതികൾ രൂപീകരിക്കും.

4.26 കൊച്ചിയിലെ നിർദ്ദിഷ്ട പ്രകൃതിവാതക ടെർമിനൽ കേരളത്തിന്റെ വികസനത്തിൽ വലിയ മുന്നേറ്റമുണ്ടാക്കും. ഈ പദ്ധതി അതിവേഗം പൂർത്തിയാക്കാൻ സർക്കാർ എല്ലാ ശ്രമവും നടത്തും.

4.27 വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ, വിഴിഞ്ഞം ആഴക്കടൽ തുറമുഖം എന്നീ പദ്ധതികളും കേരളത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. ഈ പദ്ധതികളും വേഗത്തിൽ യാഥാർത്ഥ്യമാക്കാൻ സർക്കാർ എല്ലാ ശ്രമവും നടത്തും. കണ്ണൂർ വിമാനത്താവളം, കണ്ണൂർ വൈദ്യുത പദ്ധതി, ബേപ്പൂർ തുറമുഖപദ്ധതി എന്നിവയും അതിവേഗം പൂർത്തിയാക്കും.

## *5. 0 പരമ്പരാഗത മേഖല*

5.1 സബ്സിഡി, മൂല്യരഹിത ഉല്പാദനം, താഴ്ന്ന വേതനം എന്നിവയുടെ വിഷമവൃത്തത്തിലാണ് പരമ്പരാഗത വ്യവസായങ്ങൾ. വിവേചനബുദ്ധിയുള്ള ഉപഭോക്താക്കളുടെ ലോകത്ത് വിജയകരമായി മൽസരിക്കുന്നതിന് സാങ്കേതികവിദ്യ പരിഷ്കരിക്കുകയും ശാസ്ത്രീയ വിപണന രീതി ഉപയോഗിക്കുകയും ഉപഭോക്തൃവിപണിയിലെ കുതിച്ചുകയറ്റം ചൂഷണം ചെയ്യുകയും വേണം. അങ്ങനെ പരമ്പരാഗതമേഖലയെ ഉന്നത ഗുണനിലവാരമുള്ള മൂല്യവത്തായ മുദ്രിത ഉല്പന്നങ്ങളുള്ള ഊർജസ്വലമായ ഒന്നാക്കി മാറ്റാനാണ് പുതിയ നയം വിഭാവനം ചെയ്യുന്നത്. ഇത് പരമ്പരാഗത വ്യവസായ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും അഭി

വൃദ്ധി ഉറപ്പു വരുത്തുകയും ആക്രമണോൽസുകമായ വിപണിശക്തികളുടെ വെല്ലുവിളി നേരിടുന്നതിന് അവരെ ശക്തരാക്കുകയും ചെയ്യുന്നു. ഇതിന്റെ ഊന്നൽ സബ്സിഡിയെ ആശ്രയിച്ചുള്ള അധികശേഷി സൃഷ്ടിക്കലല്ല, മറിച്ച് യഥാർഥത്തിൽ ഉല്പാദനത്തിലേർപ്പെട്ടിരിക്കുന്നവരുടെ കരങ്ങൾ ശക്തമാക്കലാണ്. പരമ്പരാഗതമേഖലകളുടെ ആധുനികവൽക്കരണം ദേശീയ, അന്തർദേശീയ വിപണികളെ പ്രയോജനപ്പെടുത്തുവാനും അങ്ങനെ പ്രാദേശികജനങ്ങൾക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ നൽകുവാനും ആണ്. എന്നാൽ നിരാശാജനകമായ ഒരു വസ്തുത, തൊഴിലാളികൾക്ക് വേണ്ടി ക്ഷേമപ്രവർത്തനം നടത്തേണ്ടവർക്ക്, സേവനമാവശ്യമുള്ളവരേക്കാൾ പ്രാധാന്യം കൈവരുന്നു എന്നതാണ്. ഇത് അസ്വാസ്ഥ്യജനകമായ കാര്യമായതിനാൽ യഥാർഥ ആവശ്യക്കാർക്ക് ക്ഷേമപ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ കിട്ടുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. പരമ്പരാഗത മേഖലയുടെ പുനരുദ്ധാരണത്തിനും ആധുനികവൽക്കരണത്തിനും വിപുലീകരണത്തിനും കേന്ദ്രസഹായ പദ്ധതികൾ നേടിയെടുക്കാനും നടപ്പാക്കാനും അവലോകനം ചെയ്യാനും ഒരു സംവിധാനം സംസ്ഥാന സർക്കാർ സജ്ജമാക്കും. ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് ഒരു വാർഷിക പദ്ധതി തയ്യാറാക്കുകയും മൂന്നു മാസത്തിലൊരിക്കൽ അവലോകനം നടത്തുകയും ചെയ്യും. പരമ്പരാഗതമേഖലയിൽ മൂല്യവർദ്ധനവിനും നവീന ഉൽപന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും ഗവേഷണ-വികസനകേന്ദ്രം സ്ഥാപിക്കുന്ന കാര്യം ഗവർമെന്റ് പരിഗണിക്കും. മുകളിൽ പരാമർശിച്ച ലക്ഷ്യങ്ങൾ നേടുന്നതിന് താഴെ പറയുന്ന നടപടികളാണ് ഉദ്ദേശിച്ചിരിക്കുന്നത്.

### 5.1.1 കൈത്തറി, ഖാദി, ഗ്രാമീണ വ്യവസായം

**a**. പ്രത്യേക സാമ്പത്തിക സാങ്കേതിക മാനേജീരിയൽ സഹായമുള്ള പദ്ധതികളിലൂടെ കൂടുതൽ ഫലം ലക്ഷ്യമാക്കിയുള്ള ഉത്പാദനവും വിപണനവും ഉറപ്പുവരുത്താനാവുന്ന തരത്തിൽ കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെ പുനഃസംഘാടനം.

**b.** കൈത്തറി ക്ലസ്റ്ററുകൾ സാമ്പത്തിക-സാങ്കേതിക-മാനേജീരിയൽ സഹായത്തോടെ ശക്തമാക്കും.

**c**. ആഭ്യന്തര, അന്തർദേശീയ വിപണികളിൽ മൽസരിക്കാൻ തക്ക ഗുണമേന്മയുള്ള പ്രാദേശിക ബ്രാന്റിലെ കൈത്തറിയുല്പന്നങ്ങളുടെ വികസനം.

**d**. നൂൽ നൂൽപ്പിനും അതിനുമുമ്പും ശേഷവുമുള്ള പ്രക്രിയക്കും ആവശ്യമായ തരത്തിൽ കൈത്തറി മേഖലയിൽ ഉന്നത നിലവാരമുള്ള അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ.

**e.** 'സ്വദേശി'യിൽ അഭിമാനിക്കുവാനും കൈത്തറി, ഖാദി വസ്ത്രങ്ങൾ എല്ലാ മലയാളികളും ഉപയോഗിക്കാനും വ്യാപകമായ പ്രചരണം നടത്തുക.

**f.** എല്ലാ സർക്കാർ ജീവനക്കാരെയും വിദ്യാർഥികളെയും സമൂഹത്തിന്റെ മറ്റു മേഖലകളിലു ള്ളവരെയും ആഴ്ചയിലൊരു ദിവസം കൈത്തറി-ഖാദി ഉപയോഗിക്കാൻ പ്രേരിപ്പിക്കുക.

**g.** ടെക്സ്ഫെഡിന്റെയും അപ്പക്സ് സൊസൈറ്റികളുടെയും പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്യുന്നതിന് സംവിധാനം ഉണ്ടാ ക്കുക..

**h.** ഡയറക്ടറേറ്റ് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈൽസിൽനിന്നും ലളിതമായ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുക.

**i.** ഹാന്റ്ലൂം ടെക്സ്റ്റൈൽ ഡയറക്ടറേറ്റിൽ അസംഘടിത മേഖലയിലെ കൈത്തറി നെയ്ത്തു കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി പ്രത്യേക വിഭാഗം രൂപീകരിക്കുക.

**j.** ഉല്പന്നങ്ങൾക്ക് നല്ല വില ലഭിക്കുമെന്ന് ഉറപ്പുവരുത്തുന്ന തരത്തിൽ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ കീഴിൽ വ്യവസായ യൂണിറ്റുകൾ രൂപീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുക.

**k.** പഴയ തലമുറയിലെ വിദഗ്ദ്ധരായ നെയ്ത്തുകാരെ കൈത്തറി യൂണിറ്റുകൾ ആരംഭിക്കുവാൻ പ്രോൽസാഹിപ്പിക്കുക.

### 5.1.2 വസ്ത്രനിർമാണമേഖല

**a.** വൈദഗ്ദ്ധ്യവികസനം, വിപണി മെച്ചപ്പെടുത്തൽ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് വസ്ത്ര നിർമ്മാണ മേഖലയെ പ്രമുഖ വ്യവസായ മേഖലയായി കണക്കാക്കുന്ന തരത്തിൽ പ്രത്യേക പദ്ധതികളും പാക്കേജുകളും നടപ്പാക്കി പ്രോൽസാഹിപ്പിക്കും.

**b.** മൂലധനപരിഷ്കരണം, തടസ്സമില്ലാത്ത വായ്പാവിതരണ സമ്പ്രദായം, വൈവിധ്യമാർന്ന വില്പ നരീതി, വൈദഗ്ധ്യവികസനം തുടങ്ങിയ നടപടികളിലൂടെ പൊതുമേഖലയിലെയും സഹകര ണരംഗത്തെയും വസ്ത്രനിർമാണ മില്ലുകളെ പുനരുജ്ജീവിപ്പിച്ചുകൊണ്ട് അവയെ സ്വാശ്രയ ത്വമുള്ളവയാക്കിത്തീർക്കുക.

**c.** ആഗോളാടിസ്ഥാനത്തിൽ വളർന്നുവരുന്ന സാങ്കേതിക വസ്ത്രനിർമാണ വിപണിയിൽ ന്യായ മായ ഓഹരി നേടുന്നതിന് പ്രത്യേക പദ്ധതി വികസിപ്പിക്കുക.

**d.** യന്ത്രത്തറികളുടെ സാങ്കേതികപരിഷ്കരണത്തിനും ഗാർഹികോല്പാദനം പ്രോൽസാഹിപ്പി ക്കുന്നതിനും പ്രത്യേക പദ്ധതി ആരംഭിക്കുക.

**e.** ഉല്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിന് ക്ലസ്റ്റർ സൗകര്യങ്ങൾ വ്യാപകമാക്കുക.

### 5.1.3 കരകൗശലനിർമാണം, പരമ്പരാഗത ഉല്പന്നങ്ങൾ, സുവനീർ വ്യവസായം

**a.** കൈത്തറിമേഖലയിൽ അപ്പക്സ് സംഘങ്ങൾക്ക് പദ്ധതിഅധിഷ്ഠിത സഹായം

അനുവദിക്കുക.

**b**. ഉല്പാദനക്ഷമതയും ഗുണമേന്മയും വർധിപ്പിക്കുന്നതിന് ഏറ്റവും നവീനമായ സാങ്കേതിക വിദ്യ കരസ്ഥമാക്കുവാൻ സാമ്പത്തികസഹായം നൽകുക.

**c**. ആഗോളവിപണിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഫലപ്രദമായ മാർക്കറ്റിങ്ങ് സമ്പ്രദായം സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുക.

**d**.ചെലവേറിയ സംസ്കരണസംവിധാനത്തിന്റെ ആവശ്യത്തിനനുസരിച്ച് പൊതുസൗകര്യ കേന്ദ്രങ്ങൾ രൂപീകരിക്കുക.

**e**.ആഗോളവിപണിയിലെ കരകൗശല വസ്തുക്കളുടെ വിപണന സാധ്യതയ്ക്കനുസരിച്ച് വിദഗ്ധരുടെ സഹായത്തോടെ ആധുനിക രൂപമാതൃകകൾ തയ്യാറാക്കും.

**f**.ഹെറിറ്റേജ് ഹോം, സുവനീർ വ്യവസായം തുടങ്ങിയവയുടെ വികസനത്തിന് കേരളത്തിനനുയോജ്യമായ രീതിയിൽ പദ്ധതികൾ തയ്യാറാക്കുവാൻ ടൂറിസം പ്രമോഷൻ ഏജൻസികളുമായി സഹകരിക്കുക.

**5.1.4 കയർ**

**a**.സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന തൊണ്ടിൽ 50 ശതമാനം ചകിരിനാരാക്കി മാറ്റുന്നതിന് പച്ചത്തൊണ്ട് ചകിരിയാക്കി മാറ്റുന്ന മില്ലുകൾ സ്വകാര്യ, സഹകരണമേഖലകളിൽ ആരംഭിക്കും.

**b**.കുടുംബശ്രീ, സ്വയംസഹായസംഘങ്ങൾ, മറ്റു സർക്കാരിതര സംഘടനകൾ എന്നിവയെ പച്ചത്തൊണ്ട് ശേഖരണത്തിനായി പ്രോൽസാഹിപ്പിക്കുന്നതിന് ഇൻസെന്റീവ് ഉൾപ്പെടെ നൽകുന്ന തരത്തിൽ പ്രത്യേക പദ്ധതികൾ തയ്യാറാക്കും.

**c**.ഐസിഡിപി പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന ചകിരിനാരുല്പാദനമില്ലുകൾ പുനരുജ്ജീവിപ്പിക്കും.

**d**.മലിനീകരണം പരമാവധി ഒഴിവാക്കിക്കൊണ്ട് ചകിരിച്ചോറ് മൂല്യവർധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കും.

**e**.കയറ്റുമതി പ്രോൽസാഹന ഏജൻസികൾ വഴി കയർ, കയറുല്പന്നങ്ങൾ എന്നിവ ആഗോള വിപണിയിലെത്തിക്കാൻ നടപടി സ്വീകരിക്കും.

**f**.ക്ലസ്റ്റർ വികസനപദ്ധതിയിലൂടെ അസംസ്കൃതവസ്തുക്കളുടെ ബാങ്കും ചെറുകിട ഉൽപ്പാദകരുടെ മാർക്കറ്റിങ്ങ് സംഘങ്ങളും സഹകരണ സംഘങ്ങളും രൂപീകരിക്കും.

**g**.സഹകരണസംഘങ്ങളിലും ചെറുകിട സ്വകാര്യ ഉല്പാദകരുടെ പക്കലും കെട്ടിക്കിടക്കുന്ന കയർ, കയറുല്പന്നങ്ങൾ എന്നിവ അംഗീകൃത ഏജൻസികൾവഴി ശേഖരിക്കും.

**h**.ഉല്പന്നങ്ങളും ഉല്പാദനപ്രക്രിയയും മെച്ചപ്പെടുത്തുന്നതിനുള്ള കയർനാര് സംസ്കരണ സാങ്കേതിക വിദ്യയിൽ അടിസ്ഥാന പ്രായോഗിക ഗവേഷണം നടത്തുന്നതിന് നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ശക്തമാക്കും.

**i**.ആഭ്യന്തര-അന്താരാഷ്ട്രവിപണികളിലെ സാധ്യത പ്രയോജനപ്പെടുത്തുന്നതിന് കേരളത്തിലെ കയർ, കയറുല്പന്നങ്ങളാകെ ഒരു ബ്രാന്റിന് കീഴിൽ കൊണ്ടുവരും.

**j**.സഹകരണമേഖലയിൽ ആധുനിക കയർ ഫാക്ടറികൾ ആരംഭിക്കും.

**k**.മണ്ണൊലിപ്പു തടയാൻ കയർ ഭൂവസ്ത്രത്തിന്റെ പ്രചരണം നടത്തുകയും മണ്ണു സംരക്ഷണ ത്തിനായി സംസ്ഥാന ഏജൻസികളും സഹകരണസ്ഥാപനങ്ങളും വഴി പ്രത്യേക പദ്ധതികളും പരിപാടികളും തയ്യാറാക്കുകയും ചെയ്യും.

**5. 1.5 പട്ടുനൂൽ വ്യവസായം**

**a.** ആധുനിക പോസ്റ്റ് കൊക്കൂൺ വികസന സാങ്കേതിക വിദ്യയിലൂടെ പട്ടുനൂൽ ഉല്പന്ന ങ്ങൾക്ക് വൈവിധ്യവൽക്കരണവും മൂല്യവർധനവും ഉണ്ടാക്കുവാൻ ശ്രമിക്കും.

**b**.ഗുണമേന്മയിൽ അധിഷ്ഠിതമായ കൊക്കൂൺ ശേഖരണം, സമയാസമയങ്ങളിൽ കൊക്കൂൺ റീലിങ്ങ്, പട്ടുനൂൽ ഉല്പാദനവും വില്പനയും, പട്ടുനൂൽ വസ്ത്രങ്ങളുടെ വിപണനം എന്നി വയ്ക്കായി പദ്ധതി തയ്യാറാക്കും.

**5. 1.6 മുള**

**a.** നാഷണൽ ബാംബൂ മിഷൻ, ഇന്ത്യൻ പ്ലൈവുഡ് ഇൻഡസ്ട്രീസ് റിസർച്ച് ആന്റ് ട്രെയി നിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ സഹായത്തോടെ മുള അധിഷ്ഠിത വ്യവസായത്തിൽ പുത്തൻ സാങ്കേതികവിദ്യ നടപ്പാക്കും.

**b.** പ്രാഥമിക സംസ്കരണകേന്ദ്രങ്ങൾ കൃഷിപ്രദേശത്ത് ആരംഭിക്കുകവഴി മുള ഉല്പന്നങ്ങ ളുടെ വിപണനശൃംഖല മെച്ചപ്പെടുത്തുകയും ഉല്പാദനച്ചെലവു കുറയ്ക്കുകയും ചെയ്യും.

**c**. പുത്തൻ ജീവിതശൈലിക്കനുസൃതമായി ആധുനിക രൂപത്തിലുള്ള മുള ഉല്പന്നങ്ങൾ നിർമി ക്കുന്നതിന് ഇതിൽ വൈദഗ്ധ്യം നേടിയ സ്ഥാപനങ്ങളുമായി സഹകരിക്കും.

**d**.എൻഎംബിഎയുടെ സഹായത്തോടെ യന്ത്രവൽകൃത കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ വികസിപ്പിക്കും.

**e**.വനേതരപ്രദേശങ്ങളിൽ ഗാർഹിക കൃഷി എന്ന നിലയിൽ മുള, ഈറ്റ എന്നിവ വച്ചുപിടിപ്പിക്കും.

**f.** ഈറ്റ കർഷകരുടെ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിന് പരിശീലനപദ്ധതി ആരംഭിക്കും.

**g**. മുള അധിഷ്ഠിതമായ ആധുനിക വ്യവസായങ്ങളുടെ കാര്യത്തിൽ ചൈന വലിയ മുന്നേറ്റം

ഉണ്ടാക്കിയിട്ടുണ്ട്. ചൈനയുടെ അനുഭവം പഠിച്ച് കേരളത്തിന് പ്രയോജനപ്പെടുത്താവുന്ന കാര്യങ്ങൾ ചെയ്യും.

**5. 1.7 കശുവണ്ടി**

a. ലോകവിപണിയിൽ മൽസരിക്കത്തക്കവിധം മൂല്യവർദ്ധനവ് ഉറപ്പുവരുത്തിക്കൊണ്ട് പൊതു -സ്വകാര്യ മേഖലകളിൽ കശുവണ്ടി വ്യവസായം ആധുനികവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കും.

b. ഉയർന്ന ഉൽപാദനക്ഷമതയും ഗുണനിലവാരവുമുള്ള കശുമാവുതൈകൾ ഉപയോഗിച്ച് കശുവണ്ടി കൃഷി പ്രോൽസാഹിപ്പിക്കും. അതിനുവേണ്ടി ഗവേഷണസ്ഥാപനങ്ങളുടെ സഹായവും കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തികസഹായവും ലഭ്യമാക്കുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കും. കശുവണ്ടി ഉൽപാദനം പരമാവധി വർധിപ്പിക്കുന്നതിന് മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കും.

c. കശുവണ്ടി വ്യവസായരംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലയും സഹകരണമേഖലയും ശക്തിപ്പെടുത്തി മാതൃകാസ്ഥാപനങ്ങളായി സംരക്ഷിക്കും.

d. കശുവണ്ടി ഉൽപന്നങ്ങളുടെ മൂല്യവർധനയ്ക്കും വൈവിധ്യവൽക്കരണത്തിനും ഊന്നൽ നൽകും.

e. പുതിയ സംസ്കരണരീതി, സാങ്കേതികവിദ്യ എന്നിവ ഉപയോഗിക്കുകയും ശാസ്ത്രീയവിപണനമാർഗ്ഗങ്ങൾ ആവിഷ്കരിക്കുകയും ചെയ്യും.

f. വിദേശവിപണിയും ആഭ്യന്തരവിപണിയും വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

g. സാങ്കേതികസഹായം സ്വീകരിച്ച് തോട്ടണ്ടിയുടെ തോടിൽനിന്നും കശുമാങ്ങയിൽനിന്നും പുതിയ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കും.

**5. 1.8 ബീഡി**

a. ബീഡിമേഖലയുടെ പുനരുജ്ജീവനത്തിന് കേന്ദ്രസഹായത്തോടെയുള്ള പദ്ധതി കൊണ്ടുവരും.

b. ബീഡി-സിഗാർ തൊഴിലാളിക്ഷേമബോഡ് ശക്തമാക്കും.

c. തൊഴിലാളികൾക്ക് ആരോഗ്യപദ്ധതി നടപ്പാക്കും.

d. ബീഡി വ്യവസായത്തിലെ പ്രതിസന്ധി കണക്കിലെടുത്ത് മറ്റു തൊഴിലുകൾ നൽകാൻ കഴിയുന്ന സംരംഭങ്ങൾക്ക് തുടക്കം കുറിക്കും.

**e.** പരിശീലനപദ്ധതികളിലൂടെ ബീഡിത്തൊഴിലാളികൾക്ക് പുത്തൻവൈദഗ്ധ്യം നേടിക്കൊടുക്കും.

**5. 1.9 ഓട് വ്യവസായം**

**a.** ദേശീയ ഗവേഷണസ്ഥാപനങ്ങളുടെ സഹായത്തോടെ മൂല്യവർധിത ഉല്പന്നങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കുവാൻ ശ്രമിക്കും.

**b.** ഇൻക്യുബേഷൻ കേന്ദ്രങ്ങളും പൊതുപരീക്ഷണശാലകളും ആരംഭിക്കും.

**c.** പരിസ്ഥിതിസൗഹാർദ്ദ ഉല്പന്നമെന്ന നിലയിൽ ഓടിന്റെ ഉപയോഗത്തിന് പ്രോൽസാഹനം നൽകും.

**d.** ആധുനിക സാങ്കേതികവിദ്യയുടെയും ഉപകരണങ്ങളുടെയും സഹായത്തോടെ ഫാക്ടറികൾ ആധുനികവൽക്കരിക്കും.

**e.** കളിമൺഖനനത്തിന് യോജിച്ച പ്രദേശങ്ങൾ കണ്ടെത്തുകയും ആ പ്രദേശങ്ങൾ ഓടുവ്യവസായത്തിന് അനുയോജ്യമാണെന്ന് അംഗീകരിക്കുകയും ചെയ്യും.

**5.1.10 മൽസ്യസംസ്കരണം**

**a.** മൂല്യവർധിത പ്രക്രിയക്ക് സഹായകമാകുന്നതരത്തിൽ സാങ്കേതികവിദ്യ ആവിഷ്കരിച്ചും വൈവിധ്യവൽക്കരണം നടപ്പാക്കിയും മൽസ്യസംസ്കരണവ്യവസായം പ്രോൽസാഹിപ്പിക്കും..

**b.** ഉയർന്ന നിലവാരം പുലർത്തുന്ന മാനേജ്മെന്റ്, ലോകനിലവാരത്തിലുള്ള ശുചീകരണസംവിധാനം എന്നിവ ഏർപ്പടുത്തും.

**c.** പാക്കേജിംഗിനും ഉൽപ്പന്നങ്ങൾ കേടുവരാതെ സൂക്ഷിക്കുന്നതിനും ഏറ്റവും നവീനവും മെച്ചപ്പെട്ടതുമായ സംവിധാനം ഏർപ്പെടുത്തും.

**d.** മൽസ്യസംസ്കരണത്തിനും അനുബന്ധപ്രവർത്തനങ്ങൾക്കും കേന്ദ്രസഹായം ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കും.

**5.1.11 വ്യാവസായിക സഹകരണ സ്ഥാപനങ്ങൾ**

തടി, കൈത്തറി, കയർ, സേവനം ആരോഗ്യമേഖലകളിൽ വ്യാവസായിക കോ-ഓപ്പറേറ്റീവുകൾക്ക് നിർണായക പങ്കാണുള്ളത്. സാധാരണക്കാരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിൽ ഇവയ്ക്കുള്ള പങ്ക് സവിശേഷപരാമർശം അർഹിക്കുന്നു. സമ്പദ്വ്യവസ്ഥ തുറന്നുകൊടുത്തിരിക്കുന്ന കാലഘട്ടത്തിൽ ഇത്തരം കോ-ഓപ്പറേറ്റീവുകൾ നിലനിൽപ്പിനും വിഭവസമാഹരണത്തിനും നിരവധി പ്രശ്നങ്ങളാണ് നേരിടുന്നത്. പ്രൊഫഷണൽ മാനേജ്മെന്റി

ന്റെയും കൃത്യമായ സാങ്കേതികവിദ്യയുടെയും അഭാവത്താൽ വിപണിയിൽ മൽസരിക്കുവാൻ ഇവയ്ക്കു കഴിയുന്നില്ല. മൽസരരംഗത്തുനിന്നും പുറംതള്ളപ്പെടാതിരിക്കത്തക്കവിധം കോഓപ്പറേറ്റീവുകൾക്ക് സാമ്പത്തികവും സാമ്പത്തികേതരവുമായ സഹായം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. റബ്കോ പോലുള്ള ബഹു ഉല്പന്ന സഹകരണസ്ഥാപനങ്ങൾക്ക് അവരുടെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും പദ്ധതി അധിഷ്ഠിത സഹായം നൽകും.

## *6. 0 കാർഷികോൽപന്ന വ്യവസായം*

6.1 കാർഷികോല്പ്പന്നങ്ങളായ നാളികേരം, റബ്ബർ, തേയില, അടയ്ക്ക, കാപ്പി, ഏലം കുരുമുളക് തുടങ്ങിയവയുടെ സമൃദ്ധികൊണ്ട് അനുഗൃഹീതമാണ് കേരളം. ഈ മേഖലയിൽ അപാരമായ സാധ്യതകളുണ്ടെങ്കിലും കാർഷികോല്പന്ന വ്യവസായങ്ങൾ സംസ്ഥാനത്തില്ല. ജൈവോല്പന്നങ്ങളുടെ വളർന്നുവരുന്ന ആഭ്യന്തരവും അന്താരാഷ്ട്രവുമായ വിപണി കണക്കിലെടുക്കുമ്പോൾ ഗുണമേന്മയുള്ള ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന് കേരളത്തിന്റെ സാധ്യതകൾ ഏറെയാണ്. സംസ്ഥാനത്തിന്റെ നട്ടെല്ലാണ് കൃഷി. സംസ്ഥാനസമ്പദ്ഘടനയിൽ തോട്ടം മേഖല നിർണായക പങ്കു വഹിക്കുന്നു. കൂടുതൽ ഉല്പാദനക്ഷമതയുള്ളതും കൂടുതൽ വില ലഭിക്കുന്നതുമായ ഇനം ചെടികൾ നടുന്നതിനായി നിക്ഷേപം ആകർഷിക്കുന്നതിനും കാർഷികോല്പന്ന വ്യവസായങ്ങളുടെ ശൃംഖല രൂപീകരിക്കുന്നതിനും ഒരു കേരള ബ്രാന്റിന് രൂപം നൽകുവാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഈ നടപടികളിലൂടെ തോട്ടം മേഖലയുടെ വികസനം ഉറപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഈ 'സൂര്യോദയ' വ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിന് ഗവൺമെന്റ് പ്രത്യേക പാക്കേജുകളും പദ്ധതികളും തയ്യാറാക്കും. താഴെ പറയുന്ന നടപടികൾ സ്വീകരിക്കും.

**a**. ആഗോളവിപണിയിൽ വർധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് ജൈവകാർഷിക ഉല്പന്നങ്ങൾക്ക് പ്രചരണം നൽകുവാൻ യോജിച്ച പദ്ധതികൾ തയ്യാറാക്കും.

**b.** ഇടുക്കി, വയനാട് പോലുള്ള സാധ്യതാപ്രദേശങ്ങളിൽ സ്പൈസസ് ബോഡുമായി ചേർന്ന് സുഗന്ധവ്യഞ്ജനപാർക്കുകൾ സ്ഥാപിക്കും.

**c.**കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ എന്നിവ അധിഷ്ഠിതമാക്കിയിട്ടുള്ള മൂല്യവർധിത ഉല്പന്നങ്ങൾ സർക്കാർ ഉടമസ്ഥതയിലുള്ള ഏജൻസികൾ ഉല്പാദിപ്പിക്കുന്നതിന് പ്രോൽസാഹിപ്പിക്കുകയും ആഭ്യന്തര-അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുകയും ചെയ്യും.

**d.**തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ബൃഹദ് ഭക്ഷ്യസംസ്കരണമേഖലകൾ സ്ഥാപിക്കും

**e.** വിളവെടുപ്പിനു ശേഷമുള്ള പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സംഘടിത ഉല്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കും.

**f**. കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും അവ കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഈ രംഗത്തെ വിദഗ്ധ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്ഥാപനസംവിധാനം രൂപീകരിക്കും.

**g**.സംസ്ഥാനത്തെ കാർഷികോല്പന്നങ്ങളെല്ലാം പ്രത്യേക ബ്രാന്റുകൾക്കു കീഴിൽ കൊണ്ടുവരും.

**h**.കാർഷിക-ഭക്ഷ്യസംസ്കരണ വ്യവസായങ്ങളിൽ ബയോടെക്നോളജി പ്രയോജനപ്പെടുത്തും.

**i.**നാഷണൽ സെന്റർ ഫോർ എച്ച്എസിസിപി, ഏജൻസി ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഫുഡ് പ്രോസസിങ്ങ് ഇൻഡസ്ട്രീസ് ഇൻ കേരള എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ശക്തമാക്കും.

**j**.സംസ്ഥാനത്തെ തനതു ഭക്ഷ്യവിഭവങ്ങളുടെ പ്രചരണത്തിനായി വിനോദസഞ്ചാരവകുപ്പുമായി ചേർന്ന് പ്രവർത്തിക്കും.

## *7. 0 സംസ്ഥാനതല പൊതുമേഖലാ സംരംഭങ്ങൾ (എസ്എൽപിഇ)*

7.1 ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, എൻജിനിയറിങ്ങ്, കെമിക്കൽ, ഫാർമസ്യൂട്ടിക്കൽസ്, പബ്ലിക് യൂട്ടിലിറ്റി സർവ്വീസ്, സാമൂഹ്യക്ഷേമം തുടങ്ങി സംസ്ഥാനസർക്കാർ നിയന്ത്രണത്തിൽ ഏറ്റവും കൂടുതൽ സംരംഭങ്ങൾ ഉള്ളത് കേരളത്തിലാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ ഉല്പാദന, സേവനമേഖലകളിൽ നിർണായക പങ്കാണ് വഹിച്ചിരുന്നത്. സംഘടിത മേഖലയിലെ ഏറ്റവും പ്രധാന തൊഴിൽ ദാതാവാണ് പൊതുമേഖല. എന്നാൽ ഇവയിൽ പലതിനും നിലനിൽപ്പിനും വളർച്ചയ്ക്കും സാങ്കേതികവിദ്യയുടെ നവീകരണം, മൂലധനം, ആധുനിക മാനേജ്മെന്റ് രീതികൾ എന്നിവ ആവശ്യമാണ്. സ്വകാര്യമേഖലയിൽ ചെറുകിട, ഇടത്തരം, വൻകിട വ്യവസായങ്ങളുടെ വികസനത്തിന് അടിസ്ഥാനം നൽകിയത് എസ്എൽപിഇ കളാണ്. വ്യാവസായിക അടിസ്ഥാന സൗകര്യം, തൊഴിൽവർദ്ധനവ്, വിപണിയിലെ ഇടപെടൽ, മെച്ചപ്പെട്ട സേവനം എന്നിവയ്ക്ക് എസ്എൽപിഇ കളുടെ ശക്തമായ ശൃംഖല ആവശ്യമാണ്. സംസ്ഥാനതല പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തമാക്കുന്നതിനും വിപുലീകരിക്കുന്നതിനും താഴെ പറയുന്ന നടപടികളാണ് ഉദ്ദേശിച്ചിരിക്കുന്നത്.

**a.** ലാഭസാധ്യതയുള്ള സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്ക് സമഗ്രമായ പ്രത്യേക പദ്ധതി തയ്യാറാക്കും.

**b**.എസ്എൽപിഇ കളുടെ വളർച്ചയും വികസനവും ലക്ഷ്യമാക്കിക്കൊണ്ട് സംസ്ഥാന-കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുമായി സഹകരിച്ച് പുതിയ വിപണി, സാങ്കേതികവിദ്യാ സഹായം,

ആവശ്യമായ പങ്കാളിത്തം എന്നിവ കണ്ടെത്തും.

**c.**ദേശീയതലത്തിലുള്ള കോർപ്പറേറ്റ് ഡെറ്റ് റീസ്ട്രക്ച്ചറിങ്ങ് പദ്ധതികൾക്കു കീഴിലുള്ള വ്യവസായ പുനരുദ്ധാരണ ഏജൻസികൾ, ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ എന്നിവയുടെ സഹായം ഉറപ്പാക്കും.

**d.**ഒരേ തരത്തിലുള്ള ബിസിനസ് നടത്തുന്ന എസ്എൽപിഇ കളെ സംയോജിപ്പിച്ച് സാമ്പത്തിക അവസ്ഥ മെച്ചമാക്കും.

**e.**എസ്എൽപിഇ കളുടെ അധികമായുള്ളതോ ഉപയോഗിക്കാത്തതോ ആയ ഭൂമി അതാതു സംരംഭങ്ങളുടെ ആവശ്യത്തിനും വികസനത്തിനും വൈവിധ്യവൽക്കരണത്തിനും പരമാവധി ഉപയോഗിക്കും.

**f.**ലാഭസാധ്യതയുമായി ബന്ധപ്പെട്ടും യഥാർഥ ലാഭം കണക്കാക്കിയും പ്രോൽസാഹന പദ്ധതികൾ നടപ്പാക്കും.

**g.**പ്രൊഫഷണലുകളെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരായി നിയമിക്കും. ഇവരുടെ നിയമനത്തിന് സെലക്ഷൻ ബോഡുണ്ടായിരിക്കും.

**h.** സിഇഒ മാരുടെയും മാനേജർമാരുടെയും വൈദഗ്ധ്യം മെച്ചപ്പെടുത്തുവാൻ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കും.

**i.** ബോർഡ്തലത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിനും എസ്എൽപിഇ കളുടെ ഭരണം മെച്ചപ്പെടുത്തുന്നതിനും ബാങ്കുകളുടെയും പ്രൊഫഷണൽ സ്ഥാപനങ്ങളുടെയും വിദഗ്ധരേയും പ്രതിനിധികളെയും ഉൾപ്പെടുത്തി ബോർഡ് ശക്തമാക്കും.

**j.** നിലവിലുള്ള ചട്ടപ്രകാരം ബോർഡുതല സമിതികൾ രൂപീകരിക്കും.

**k.** ഉല്പന്നങ്ങൾ വാങ്ങുന്നതിലും അവയുടെ വില നിശ്ചയിക്കുന്നതിലും വ്യവസായം, വൈദ്യുതി, ആരോഗ്യം, കൃഷി, ജലവിഭവം, പൊതുമരാമത്തുവകുപ്പ് തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ പരസ്പരം സഹകരിക്കും.

**l.**ഉല്പാദനലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനും ഉത്തരവാദിത്തം നിശ്ചയിക്കുന്നതിനും ഗവൺമെന്റും സിഇഒമാരും തമ്മിൽ പ്രവർത്തന കരാറിൽ ഒപ്പുവയ്ക്കും.

**m.**എസ്എൽപിഇ കളുടെ പരിഷ്കരണ പദ്ധതിയും പ്രവർത്തനവും സമയബന്ധിതമായി വിലയിരുത്തുന്നതിനായി റീസ്ട്രക്ച്ചറിങ്ങ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡിന് (ആർഐഎബി)കീഴിൽ ഇന്റർനെറ്റ് അടിസ്ഥാനമാക്കിയുള്ള സംവിധാനം ഏർപ്പെടുത്തും.

**n.** ബാങ്കർമാരും മറ്റ് സാമ്പത്തികസ്ഥാപന പ്രതിനിധികളും ആർഐഎബിയും ചേർന്നുകൊണ്ട് സംസ്ഥാനതല കോർ കമ്മിറ്റി രൂപീകരിച്ച് പുനഃസംഘടനാപദ്ധതി രൂപീകരിക്കുകയും വിലയിരുത്തുകയും ഫണ്ട് തടസ്സമില്ലാതെ ലഭിക്കുന്നതിന് നടപടിയെടുക്കുകയും ചെയ്യും.

**o**. സുതാര്യത ഉറപ്പു വരുത്തിക്കൊണ്ട് ആരോഗ്യകരമായ മൽസരം കൊണ്ടുവരുന്നതിനായി തീരുമാനമെടുക്കൽ സമിതികളിൽ ട്രേഡ് യൂണിയനുകളുടെയും ഉദ്യോഗസ്ഥന്മാരുടെ സംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തും.

**p.** പൊതുമേഖലയിലെ ഓരോ കമ്പനിക്കും പ്രത്യേകമായ പ്രവർത്തനലക്ഷ്യം നിശ്ചയിക്കുകയും മാസംതോറും അവലോകനം നടത്തുകയും ചെയ്യും.

**കേന്ദ്ര പൊതുമേഖല**

**a.** സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖല വ്യവസായങ്ങളുടെ വികസനത്തിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും.

**b.**. കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളും സംസ്ഥാന പൊതുമേഖലയും തമ്മിലുള്ള സഹകരണം വർധിപ്പിക്കും.

## *8. 0 സൂക്ഷ്മ,ചെറുകിട, മധ്യതല സംരംഭങ്ങൾ (എംഎസ്എംഇ കൾ)*

8.1 ജനസാന്ദ്രത, കാർഷികമേഖയിലെ സമ്പന്നമായ അസംസ്കൃത വസ്തുക്കളുടെ ശേഖരം, വിപുലമായ ഉപഭോഗസമൂഹം എന്നിവ കണക്കിലെടുത്തുകൊണ്ട് സർക്കാർ സൂക്ഷ്മ, ചെറുകിട, മദ്ധ്യതല സംരംഭങ്ങളുടെ വളർച്ചയ്ക്കനുകൂലമായ അന്തരീക്ഷം ഒരുക്കും. എംഎസ്എംഇ കൾ വൻതോതിൽ തൊഴിലവസരം സൃഷ്ടിക്കുമെന്നുള്ളതിനാൽ ഈ മേഖല വിവിധ പദ്ധതികളിലൂടെ ശക്തമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

**a**. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കാര്യക്ഷമമാക്കി എംഎസ്എംഇ കളുടെ വികസനം സാധ്യമാക്കും.

**b**.സൂക്ഷ്മ ചെറുകിട സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകരണ പദ്ധതികളിൽനിന്നുള്ള ഫണ്ട് ഉപയോഗപ്പെടുത്തും.

**c**. തദ്ദേശസ്ഥാപനങ്ങളുടെ ഉപയോഗപ്പെടുത്താത്ത ഭൂമി ഉപയോഗിച്ച് സൂക്ഷ്മ-ചെറുകിട-മധ്യതല സംരംഭങ്ങൾ സ്ഥാപിക്കും.

**d**.എസ്എസ്ഐ യൂണിറ്റുകൾക്ക് വിലയിൽ മുൻഗണന, ഇഎംഡി/സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയിൽനിന്നുള്ള ഇളവ് എന്നിവ ചില ഉപാധികളോടെ ലഭ്യമാക്കും.

**e**. സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾക്ക് ബാങ്കിൽനിന്നും മറ്റു ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്നതിന് ആവശ്യമായ സഹായം വ്യവസായവകുപ്പ് ഏജൻസികൾ ചെയ്തു

കൊടുക്കും.

## *9. 0 വൻകിട വ്യവസായങ്ങൾ*

9.1 സമ്പദ്ഘടനയുടെ വളർച്ചയ്ക്കും തൊഴിലവസരം സൃഷ്ടിക്കുന്നതിനും ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനും വൻകിട വ്യവസായങ്ങൾ അത്യാവശ്യമാണ്. ചരിത്രപരവും ഭൂമിശാസ്ത്ര പരവുമായ കാരണങ്ങളാൽ സംസ്ഥാനത്ത് വൻകിട വ്യവസായങ്ങൾക്ക് ഇടം ലഭിച്ചില്ല. വൻവ്യ വസായങ്ങൾക്ക് കേരളത്തിലേക്ക് വരുന്നതിന് തടസ്സമുണ്ടാക്കുന്ന ഘടകങ്ങൾ കണ്ടെത്തു വാനും പ്രത്യേക പദ്ധതിയിലൂടെ പരിഹരിക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു. രാജ്യത്തിന കത്തും പുറത്തും നിന്നുമുള്ള വൻനിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് സ്വകാര്യ, സ്വകാര്യ-പൊതുമേഖലാസംരംഭങ്ങളെ പ്രോൽസാഹിപ്പിക്കും. ഇതിനായി ഇൻഫ്രാസ്ട്രക്ച്ചേഴ്സ് കേരളാ ലിമിറ്റഡ് (INKEL) ഒരുക്കുന്ന അടിസ്ഥാനസൗകര്യം പ്രയോജനപ്പെടുത്തും.
സ്വകാര്യ, പൊതുമേഖലാ-സ്വകാര്യ സംരംഭം വഴി രാജ്യത്തിനകത്തും പുറത്തുനിന്നുമായി വൻകിട നിക്ഷേപങ്ങൾ ആകർഷിക്കാൻ എല്ലാ പരിശ്രമങ്ങളും നടത്തും. സംയുക്ത സംരംഭ ങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാൻ സർക്കാർ പദ്ധതികൾ തയ്യാറാക്കും. നൂറു കോടി രൂപയോ അതിൽ കൂടുതലോ മൂലധന നിക്ഷേപമുള്ളവയെ വൻകിട വ്യവസായ ങ്ങളായി കണക്കാക്കും. പ്രാദേശിക ജനങ്ങൾക്ക് തൊഴിൽ നൽകുകയും പരിസ്ഥിതി സൗഹാർദ്ദപരമായ സാങ്കേതികവിദ്യ ഉപയോഗിക്കുകയും ചെയ്യുന്ന യൂണിറ്റുകൾക്ക് മുൻഗ ണന നൽകും. വൻകിട വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന് സാമ്പത്തികാനുകൂല്യം ഉൾപ്പെടെയുള്ള പ്രത്യേക പാക്കേജ് പ്രഖ്യാപിക്കും.

9.2 പരിസ്ഥിതിസംരക്ഷണത്തിനും മലിനീകരണനിവാരണത്തിനും സംസ്ഥാനമലിനീകരണനിയ ന്ത്രണബോഡിന്റെയും മറ്റു സർക്കാർ ഏജൻസികളുടെയും വ്യവസ്ഥകളും മാർഗനിർദ്ദേശ ങ്ങളും പൂർണമായി നടപ്പാക്കുമെന്ന് ഉറപ്പുവരുത്തിക്കൊണ്ടായിരിക്കും വൻകിട വ്യവസായ ങ്ങൾ പ്രോൽസാഹിപ്പിക്കുക.

9.3 ഇരുമ്പുരുക്കുപോലുള്ള വ്യവസായങ്ങളിൽ മലിനീകരണം അനുവദനീയമായ തോതിൽ നിയ ന്ത്രിച്ചുനിർത്തുന്നതിന് ആധുനിക സാങ്കേതികവിദ്യയും യന്ത്രങ്ങളും ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

9.4 സ്റ്റീൽ, കെമിക്കൽ മുതലായ വ്യവസായങ്ങളിൽ അപകടകരവും ഹാനികരവുമായ അന്തരീ

ക്ഷത്തിൽ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. അവരുടെ സുരക്ഷയ്ക്ക് ആവശ്യമായ നടപടികൾ എടുക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തും.

## *10. 0 ഉല്പാദന-സേവനമേഖലകൾ*

10.1 വ്യവസായമേഖലയിലെ മൂല്യവർദ്ധനയ്ക്ക് ഉല്പാദനമേഖല പ്രധാന പങ്കു വഹിക്കുന്നു. മൂല്യവർദ്ധന, ഉല്പാദനക്ഷമത, സമ്പദ്ഘടനയുടെ വളർച്ച, ഉല്പാദനച്ചെലവ് കുറയ്ക്കൽ, ഗുണനിലവാരം സ്ഥിരമായി നിലനിർത്തുക എന്നീ കാര്യങ്ങൾക്ക് ആവശ്യമായ ഏറ്റവും പുതിയ സാങ്കേതികവിദ്യയും യന്ത്രസംവിധാനവും നേടുവാൻ ഇന്നത്തെ ആഗോളസാഹചര്യം സംസ്ഥാനത്തെ സഹായിക്കുന്നു. ഉല്പാദനമേഖലയ്ക്ക് മൊത്തത്തിൽ പ്രയോജനകരമാക്കുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തുവാൻ സർക്കാർ സർവ്വസന്നദ്ധമാണ്. അതേപോലെ, സാമ്പത്തികവികസനം ശക്തമാക്കുന്നതിനും തൊഴിലവസരങ്ങൾ വൻതോതിൽ സൃഷ്ടിക്കുന്നതിനും സഹായകരമായ രീതിയിൽ സേവനമേഖലയിലെ ആഗോളക്കുതിച്ചുചാട്ടം ഉപയോഗിക്കുവാനും ഗവൺമെന്റ് തയ്യാറാണ്. വികസനപാതയിലുള്ള സേവനമേഖലയുടെ സാധ്യതകൾ ചൂഷണം ചെയ്യാൻ താഴെ പറയുന്ന നടപടികൾ സർക്കാർ ആലോചിക്കുന്നു.

**a**. ബിസിനസ്, വാണിജ്യം, സാമ്പത്തികം, വിതരണം, ബൗദ്ധികവ്യവസായം, ഇലക്ട്രോണിക്സ് തുടങ്ങിയവയ്ക്കു വേണ്ടി മാത്രമായി പ്രത്യേക ഹബ് വികസിപ്പിക്കും.

**b**. പ്രവാസി ഇന്ത്യാക്കാരുടെയും പ്രവാസി കേരളീയരുടെയും ഉൾപ്പെടെയുള്ള വിദേശനിക്ഷേപം ആകർഷിക്കുന്നതിനും അവരുടെ അധികവരുമാനം ഉപയോഗപ്പെടുത്തുവാനും സുപ്രധാന ഉല്പാദന-സേവനമേഖലകളിൽ അവരുടെ വൈദഗ്ധ്യം ഉപയോഗപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിക്കും.

### 10. 2 ക്ലസ്റ്റർ വികസന പരിപാടികൾ

വ്യവസായ ക്ലസ്റ്ററുകൾ ചെറുകിട സംരംഭകർക്ക് പ്രവർത്തനച്ചെലവും വിപണനച്ചെലവും കുറയ്ക്കാനും ഉല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കാനും ശക്തമായ ബ്രാന്റുകൾ വളർത്താനും സഹായിക്കും. ലോകകമ്പോളത്തിൽ മൽസരിക്കുവാൻ ഇതാവശ്യമാണ്. അസംസ്കൃതവസ്തുക്കൾ വൻതോതിൽ ശേഖരിക്കുന്നതിനും വായ്പയ്ക്കും മറ്റും പരസ്പര ജാമ്യം ലഭിക്കുന്നതിനും പൊതുവായ ബ്രാന്റ് രൂപീകരിക്കുന്നതിനും പൊതുവായ വിപണനത്തിനും പൊതുവായ സൗകര്യ സേവനകേന്ദ്രങ്ങളും ഗുണമേന്മ പരിശോധനാകേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനും

ഇത്തരം ക്ലസ്റ്ററുകൾ വഴിയൊരുക്കും. വിവിധ ക്ലസ്റ്റർ കൺസോർഷ്യങ്ങൾ, പൊതുസൗകര്യ സേവനകേന്ദ്രങ്ങൾ, ഗുണമേന്മാ പരിശീലനകേന്ദ്രങ്ങൾ, അസംസ്കൃത സാധനങ്ങളുടെ സംഭരണകേന്ദ്രം എന്നിവ സാമ്പത്തിക സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് സ്ഥാപിക്കുന്നത്. ഇത്തരം സൗകര്യങ്ങൾ ചെറുകിട സംരംഭങ്ങളുടെ വികസനത്തിന് ഉപയോഗിക്കും. ക്ലസ്റ്റർ പരിധിക്കു പുറത്തുനിൽക്കുന്ന വിഭാഗങ്ങൾക്ക് ഗവൺമെന്റ് സഹായം ലഭിക്കുമെന്നും ഉറപ്പാക്കും.

**10. 3 അടിസ്ഥാന സൗകര്യ വികസനം**

10. 3.1 സംസ്ഥാനത്തിന്റെ വ്യവസായവികസനത്തിനുള്ള പ്രധാന തടസ്സം അടിസ്ഥാനസൗകര്യത്തിന്റെ അഭാവമാണ്. ഉല്പാദന, സേവനമേഖലകളിൽ വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതിന് ഉതകുന്നവിധത്തിൽ ലോകനിലവാരത്തിലുള്ള അടിസ്ഥാനസൗകര്യം ഒരുക്കുന്നതിന് ഗവൺമെന്റ് പ്രഥമ പരിഗണന നൽകും. കേരളത്തെ നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് ഇത്തരം സൗകര്യങ്ങൾ സജ്ജമാക്കുവാൻ ഗവൺമെന്റ് പ്രത്യേക പദ്ധതികൾ തയ്യാറാക്കും.

**a.** വൻതോതിൽ നിക്ഷേപം ആകർഷിക്കാൻ ഉതകുന്ന തരത്തിൽ അടിസ്ഥാനസൗകര്യവികസനത്തിന് രൂപീകരിച്ച ഇൻഫ്രാസ്ട്രക്ചേഴ്സ് കേരളാ ലിമിറ്റഡ് (ഇൻകൽ) ഈ സാമ്പത്തിക വർഷം (2007-2008) പ്രവർത്തനമാരംഭിക്കുകയും പദ്ധതികൾ ഏറ്റെടുക്കുകയും ചെയ്യും.

**b.** വ്യവസായ സംരംഭകർക്ക് ഭൂമിലഭ്യത, പ്രകൃതി, വിസ്തീർണം, മൂല്യം തുടങ്ങിയ നിർണായക വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഭൂമിവിവരബാങ്ക് രൂപീകരിക്കും.

**c.** വ്യവസായ-വാണിജ്യ ആവശ്യത്തിന് തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കും.

**d.** അന്താരാഷ്ട്ര നിലവാരമുള്ള റോഡുകൾ, പാലങ്ങൾ എന്നിവയുൾപ്പെടെയുള്ള സംസ്ഥാന ഹൈവേ വികസിപ്പിക്കും.

**e.** ലോകനിലവാരമുള്ള ഉൾനാടൻ ജലപാതയും ചെറുകിട-ഇടത്തരം-വൻകിട തുറമുഖങ്ങളും വികസിപ്പിക്കും.

**f.** വൻകിട വ്യവസായ ജലവിതരണ പദ്ധതികൾ, വൈദ്യുതി വിതരണ പദ്ധതികൾ, മാലിന്യ സംസ്കരണ പ്ലാന്റുകൾ എന്നിവ വ്യാവസായിക മേഖലയിൽ സ്ഥാപിക്കും.

**g.** പ്രവാസി ഇന്ത്യക്കാരായ നിക്ഷേപകർക്ക് വേണ്ടി പ്രത്യേകമായി ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കും.

**h.** ടെലികമ്മ്യൂണിക്കേഷൻ മേഖലയിൽ ആഗോളമായുള്ള സാധ്യതകൾ കണക്കിലെടുത്ത് സംസ്ഥാനത്ത് ടെലികമ്മ്യൂണിക്കേഷൻ വ്യവസായങ്ങളുടെ ശൃംഖല രൂപപ്പെടുത്തുന്നതിന് പശ്ചാത്തലസൗകര്യമൊരുക്കും.

**i.** നഗരപ്രദേശങ്ങളിലുള്ള വ്യവസായ സ്ഥാപനങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള സൗകര്യം നൽകുന്നതാണ്.

## 10.4 ഊന്നൽ മേഖലകളും ഭാവി ലക്ഷ്യങ്ങളും

മികച്ച വ്യാവസായിക വളർച്ചയ്ക്കും പ്രാദേശിക വികസനത്തിന്റെ സമതുലിതമായ വികസ നത്തിനും വ്യാവസായിക, അടിസ്ഥാനസൗകര്യമേഖലയുടെ വികസനത്തിനും സംയോജിത സമീപനം സ്വീകരിക്കും. ഇതിനായി നിരവധി വ്യാവസായിക പാർക്കുകൾ/വ്യവസായ ടൗൺഷി പ്പുകൾ/വ്യാവസായിക ഇടനാഴികൾ/പ്രത്യേക സാമ്പത്തിക മേഖലകൾ എന്നിവ സ്ഥാപിക്കും. പദ്ധതിക്കാലത്ത് ഉദ്ദേശിക്കുന്ന പ്രധാന നടപടികൾ താഴെ കൊടുക്കുന്നു:

**a.മെഗാ വ്യവസായ പാർക്കുകൾ:** കേരളത്തെ സ്വദേശ,വിദേശ നിക്ഷേപകരുടെ ഇഷ്ടലക്ഷ്യ സ്ഥാനമായി മാറ്റുന്നതിന് കിൻഫ്രയുടെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ മെഗാ ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കും. പാലക്കാട്ട് സംയോജിത ടെക്സ്റ്റൈൽ പാർക്ക്, വയനാട്ടിൽ മെഗാ ഫുഡ് പാർക്ക് എന്നിവയും സ്ഥാപിക്കും.

**b. വ്യാവസായിക ടൗൺഷിപ്പുകൾ**: വ്യാവസായിക മേഖലകളിൽ വ്യവസായ സംരംഭകർക്ക് ലോകനിലവാരത്തിലുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഇൻഡസ്ട്രിയൽ ടൗൺഷിപ്പുകൾ സ്ഥാപിക്കും. ഇതിനായി പാലക്കാട് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ പ്രോജക്ട്, തിരുവ നന്തപുരം, എറണാകുളം, പാലക്കാട് തുടങ്ങിയയിടങ്ങളിൽ നോളജ് സിറ്റികൾ എന്നിവ ലക്ഷ്യ മിടുന്നു.

**c. പ്രത്യേക സാമ്പത്തിക മേഖലകൾ (സെസുകൾ):** കേരളത്തിലെ പരിതസ്ഥിതിക്ക് യോജി ക്കുന്ന വിധത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സംവിധാനങ്ങളുമുള്ള ഉല്പ ന്നാധിഷ്ഠിത സെസുകൾ, (സേവനസെസുകൾ ഉൾപ്പെടെ) പ്രോൽസാഹിപ്പിക്കും. കോഴി ക്കോട്, കണ്ണൂർ, മലപ്പുറം, കാസർകോഡ് എന്നിവിടങ്ങളിൽ കെഎസ്ഐഡിസിയുടെയും കിൻഫ്രയുടെയും നേതൃത്വത്തിൽ മേഖലാടിസ്ഥാനത്തിലുള്ള സെസുകൾ സ്ഥാപിക്കുന്നതിനും കിൻഫ്രയുടെ നേതൃത്വത്തിൽ ജെം ആന്റ് ജുവലറി സെസ്, ടെക്സ്റ്റൈൽ സെസ്, ബയോടെ ക്നോളജി സെസ് എന്നിവ സ്ഥാപിക്കുന്നതിനും നടപടികൾ ആരംഭിക്കും. വ്യാപാരം മെച്ച പ്പെടുത്തുന്നതിനുവേണ്ടി ഫ്രീ ട്രേഡ് ആന്റ് വേർഹൗസിങ് സോൺ (എഫ്ടിസെഡ്) കൊച്ചി യിൽ സ്ഥാപിക്കുന്നതിന് കെഎസ്ഐഡിസി മുൻകൈ എടുക്കും.

**d. വ്യാവസായിക ഇടനാഴികൾ:** വ്യാവസായിക ഇടനാഴികളെന്ന നിലയിൽ സംസ്ഥാനത്ത് മൂന്നു മേഖലകൾ കണ്ടെത്തിയിട്ടുണ്ട്. ഇവ വാണിജ്യജില്ലകളായി അറിയപ്പെടും.

I. കഴക്കൂട്ടത്തുനിന്ന് കോവളം വരെയും കഴക്കൂട്ടത്തുനിന്നു കൊല്ലം വരെയും ദേശീയപാത യോടു ചേർന്ന് ഐടി, ഐടി അധിഷ്ഠിത മേഖലകൾ എന്നിവയ്ക്കായി ഇടനാഴികൾ.

II. കൊച്ചിയിൽ തുറമുഖം, വിമാനത്താവളം എന്നിവയ്ക്ക് അരികിലായി ബയോടെക്നോളജി, ഹൈടെക്, ഇലക്ട്രോണിക്സ് ഇടനാഴി.

III. പാലക്കാട് ദേശീയപാതയോടു ചേർന്ന് കഞ്ചിക്കോടു മുതൽ വാളയാർവരെ ഭക്ഷ്യസംസ്ക രണ, തുണിവ്യവസായ ഇടനാഴി.

**e. മേഖലാധിഷ്ഠിത വ്യാവസായിക പാർക്കുകൾ:** തെരഞ്ഞെടുക്കപ്പെട്ട പ്രധാന മേഖലക ളിൽ കിൻഫ്ര വ്യവസായ പാർക്കുകൾ സ്ഥാപിക്കും. വരും വർഷങ്ങളിൽ മേഖലാധിഷ്ഠിത മായി കൊച്ചിയിൽ വാട്ടർ ക്രാഫ്റ്റ് പാർക്ക്, പ്രിന്റ് വില്ലേജ് തുടങ്ങിയവ ആരംഭിക്കാൻ നടപടി തുടങ്ങി. ഇത്തരത്തിൽ പ്രത്യേക മേഖലാധിഷ്ഠിത വ്യാവസായിക പാർക്കുകൾ തുടർച്ച യായി സ്ഥാപിക്കും.

**f.** ഇലക്ട്രോണിക്സ് ഹാർഡ് വെയർ, ഗൃഹോപകരണങ്ങൾ, സെമികണ്ടക്ടർ ഉപകരണ ങ്ങൾ എന്നിവയിൽ അന്താരാഷ്ട്രതലത്തിൽ മുൻനിരക്കാരായവരെ ആകർഷിക്കുന്നതിന് ഇല ക്ട്രോണിക്സ് ഹബ് സ്ഥാപിക്കുവാൻ കെഎസ്ഐഡിസി മുൻകൈ എടുക്കും.

## 10. 5 വസ്തു ഏറ്റെടുക്കലിനും വസ്തു ഉപയോഗത്തിനുമുള്ള നടപടികൾ

10. 5.1 വ്യാവസായിക-വ്യാപാര ഉപയോഗങ്ങൾക്കായി വസ്തു പാട്ടത്തിനെടുക്കുന്നതിനും വികസന പദ്ധതികൾക്കായി വസ്തു ഉടമകൾ ഓഹരി പങ്കാളികളാകുന്നതിനുമുള്ള നടപടികൾ സർക്കാർ പ്രോൽസാഹിപ്പിക്കും. വസ്തു ഉടമകളുടെ താൽപര്യം കണക്കിലെടുത്ത് ആകർഷകമായ പുനരധിവാസ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കും.

10. 5.2 **വസ്തു ഏറ്റെടുക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് സംവിധാനം:** പൊതു-സ്വകാര്യ സംരംഭക കൂട്ടാ യ്മയിൽ വസ്തു ഏറ്റെടുക്കലിനും അത് അടിസ്ഥാന സൗകര്യ വികസനത്തിനായി ഉപയോ ഗപ്പെടുത്തുന്നതിനും സുതാര്യമായ സംവിധാനം കണ്ടെത്തും.

10. 5.3 **ഭാവി വികസനത്തിനായി തൊട്ടുചേർന്നുള്ള വസ്തു ഏറ്റെടുക്കൽ:** ഭാവിയിലെ വികസനത്തിനും അടുത്ത ഘട്ടം ആരംഭിക്കുന്നതിനും ഭാവിയിൽ വസ്തുവിന്റെ ലഭ്യതയുടെ പ്രശ്നം പരിഹരിക്കുന്നതിനും നിർമാണം ഏറ്റെടുക്കുന്നതിന് അടുത്തു കിടക്കുന്ന വസ്തു ഭാവിയിൽ വാങ്ങുന്നതിന് കോൾ ഓപ്ഷൻ സൗകര്യം ഏർപ്പെടുത്തും. ഇതിനായി സർക്കാരിലേക്ക് നിശ്ചിത വർഷങ്ങളിൽ വാർഷിക പ്രീമിയം അടയ്ക്കണം. ഭൂവുടമയ്ക്ക് വിപണിയിലെ വില നൽകും. നെൽകൃഷി ചെയ്തുവരുന്ന ഭൂമി വ്യാവസായികാവശ്യത്തിന് ഏറ്റെടുക്കുന്നത് കഴിയുന്നിടത്തോളം ഒഴിവാക്കും.

10. 5.4 **ഭൂമി ബാങ്ക്:** സംസ്ഥാനത്ത് വ്യവസായിക വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്നത് സ്ഥലലഭ്യതയുടെ പരിമിതിയാണ്. തന്ത്രപ്രധാനമായ കേന്ദ്രങ്ങളിൽ വ്യവസായ വികസനം ലക്ഷ്യമിട്ട് സർക്കാരിന്റെ നേതൃത്വത്തിൽ 'ഇൻകൽ'ഭൂമി ഏറ്റെടുക്കും. ഈ വസ്തു ഭാവിയിലെ വ്യവസായ വളർച്ചയ്ക്കും അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യങ്ങൾക്കുമായി ഭൂമി ബാങ്കുകളായി നിലനിർത്തും.

10. 5.5. **നിലവിലുള്ള വ്യാവസായികവസ്തു/പ്ലോട്ട് വ്യവസായ പാർക്കായോ എസ്റ്റേറ്റായോ മാറ്റുന്നതിനുള്ള അനുവാദം:** അഞ്ചു വർഷമായി ഒരു വസ്തുവിൽ/പ്ലോട്ടിൽ തുടരുന്ന വ്യവസായങ്ങൾക്കാണ് ഇങ്ങനെ മാറുന്നതിന് അനുമതി നൽകുന്നത്. ഉല്പാദനം തുടങ്ങുകയും എന്നാൽ കോടതിയുടെയോ സർക്കാരിന്റെയോ ഉത്തരവനുസരിച്ചോ ബിഐഎഫ്ആർ രോഗഗ്രസ്ഥമെന്ന് പ്രഖ്യാപിച്ചതുമൂലമോ പ്രവർത്തനം നിർത്തേണ്ടി വരികയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഇങ്ങനെ മാറുന്നതിന് അഞ്ചു വർഷം എന്നതിൽ ഇളവു നൽകും.

10. 5.6 **അടിസ്ഥാന സൗകര്യങ്ങൾക്ക് പൊതു-സ്വകാര്യ പങ്കാളിത്തം:** സംസ്ഥാനത്ത് ബൃഹത് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും അതിനോടനുബന്ധിച്ചുള്ള ടെക്നോ മനേജീരിയൽ വൈദഗ്ധ്യം ഉപയോഗപ്പെടുത്തുന്നതിനും സർക്കാർ അടിസ്ഥാന സൗകര്യ വികസന കാര്യത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തം (പിപിപി) പ്രോൽസാഹിപ്പിക്കും. പിപിപി പദ്ധതികൾ വികസിപ്പിക്കുന്നതിന് സ്വകാര്യമേഖലാ കമ്പനികളെ സുതാര്യമായ ഓപ്പൺ ബിഡ് നടപടികളിലൂടെ തെരഞ്ഞെടുക്കും.

10. 5.7 **ഇൻസ്റ്റിറ്റ്യൂഷണൽ മെക്കാനിസം:** സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനത്തിനും നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങളും സുരക്ഷാനടപടികളും ഏർപ്പെടുത്തും. സംസ്ഥാനത്ത് ദ്രുതഗതിയിൽ നടക്കുന്ന വ്യവസായവൽക്കരണത്തിന് അനുയോജ്യമായ രീതിയിൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് ആക്ടിൽ ഭേദഗതി വരുത്തും.

10. 5.8 **മറ്റു സംഭാവനകൾ:**

**a**. വ്യവസായങ്ങളുടെ ആവശ്യത്തിനനുസരിച്ച് നിലവിലുള്ള ഡെവലപ്പ്മെന്റ് ഏരിയ, ഡെവലപ്പ്മെന്റ് പ്ലോട്ട്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഗ്രോത്ത് സെന്റർ തുടങ്ങിയവ ആധുനീകരിക്കുകയും വികസിപ്പിക്കുകയും പരിഷ്കരിക്കുകയും ചെയ്യും.

**b**.അനുവദിച്ചിട്ടും ഉപയോഗപ്പെടുത്താത്ത വസ്തു/ഉപയോഗപ്പെടുത്താത്ത അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വീണ്ടെടുത്ത് മറ്റുള്ളവർക്ക് നൽകുന്നതിനും മറ്റ് യൂണിറ്റുകൾ തുടങ്ങുന്നതിനും നടപടികളെടുക്കും.

**c**.നിയമാവലികളനുസരിച്ച് ഡിഎ/ഡിപി പ്ലോട്ടുകൾ, സിഡ്കോ പ്ലോട്ടുകൾ എന്നിവയ്ക്ക് പട്ടയം നൽകുന്നത് വേഗത്തിലും സുതാര്യവുമാക്കും.

**d**.വ്യവസായ പ്ലോട്ടുകൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയില്ല. ഭൂമിയുടെ ഊഹക്കച്ചവടം അനുവദിക്കില്ല.

**e**. സ്ഥിരമായ പ്രദർശന നഗരികൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കുന്നതാണ്. ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലാണ് ആരംഭിക്കുക.

## 11. 0 *ബയോ ടെക്നോളജി, നാനോ ടെക്നോളജി*

11. 1 ബയോ ടെക്നോളജി, നാനോ ടെക്നോളജി, മറ്റ് ബൗദ്ധികാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയുടെ സംയോജിത വികസനത്തിന് വ്യവസായ വകുപ്പിന്റെയും മറ്റു വികസന ഏജൻസികളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിന് സംസ്ഥാനതല ടാസ്ക് ഫോഴ്സ് രൂപീകരിക്കും. ഫാർമസ്യൂട്ടിക്കൽസ്, മെഡിക്കൽ ഉപകരണങ്ങൾ, ബയോടെക്നോളജി, നാനോ ടെക്നോളജി എന്നീ മേഖലകളിലെ ഉല്പാദനം, ഗവേഷണം ക്ലിനിക്കൽ ഡവലപ്പ്മെന്റ് എന്നിവയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ നൽകുന്നതിനും നേരിട്ടുള്ള വിദേശനിക്ഷേപം ആകർഷിക്കുന്നതിനും കെഎസ്ഐഡിസി ലോകനിലവാരത്തിലുള്ള ലൈഫ് സയൻസ് പാർക്ക് നിർമിക്കും.

## *12. 0 ഖനനം, ജിയോളജി*

12. 1 പരിസ്ഥിതിക്കു കോട്ടം വരാതെ സംസ്ഥാനത്തെ ധാതുവിഭവശേഷി ഉപയോഗപ്പെടുത്താൻ

തീവ്രപരിശ്രമം നടത്തും. ഇരുമ്പ് അയിര്, ഉയർന്ന ഗ്രേഡിലുള്ള കളിമണ്ണ്, ബോക്സൈറ്റ്, മറ്റ് ധാതുക്കൾ എന്നിവയുടെ പര്യവേക്ഷണം ശക്തിപ്പെടുത്തുകയും തടസ്സങ്ങൾ പരമാവധി ഇല്ലാത്തവിധം വേഗത്തിലാക്കുകയും ചെയ്യും.

12. 2 ധാതു മണലിന്റെ ഖനനം സംസ്ഥാന/കേന്ദ്രപൊതുമേഖലാ സ്ഥാപനം വഴി മാത്രമായിരിക്കും. സർക്കാർ നിയോഗിച്ച വിദഗ്ദ സമിതി ഖനനം ഒഴിവാക്കണമെന്ന് നിർദേശിച്ച പ്രദേശങ്ങളിൽ ഖനനം അനുവദിക്കുന്നതല്ല. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം പ്രോൽസാഹിപ്പിക്കും.

12.3 ഖനിജങ്ങളുടെ ലഭ്യത സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കും.

**12.2.1 ടൈറ്റാനിയം:** കേന്ദ്രസർക്കാരിന്റെയും അന്താരാഷ്ട്രസംഘടനകളുടെയും സഹായത്തോടെ ഏറ്റവും ആധുനികവും മികവുറ്റതുമായ സാങ്കേതികവിദ്യ ഉപയോഗിച്ച് ടൈറ്റാനിയം ലോഹം, ടൈറ്റാനിയം അലോയ്, മറ്റു ടൈറ്റാനിയം ഉല്പന്നങ്ങൾ എന്നിവ ഉല്പാദിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ സമ്പന്നമായ ധാതുമണൽശേഖരം പ്രയോജനപ്പെടുത്തുവാൻ സമഗ്രപദ്ധതി ആവിഷ്കരിക്കും. തന്ത്രപരമായ ആവശ്യങ്ങൾക്ക് അനിവാര്യമാണ് ടൈറ്റാനിയം എന്നതുകൊണ്ട് ഈ പ്രകൃതിവിഭവം ശാസ്ത്രീയമായ രീതിയിൽ പ്രയോജനപ്പെടുത്തിയാൽ സംസ്ഥാനത്തിന്റെ ദ്രുതഗതിയിലുള്ള വ്യവസായവൽക്കരണത്തിന് ഇത് വഴിയൊരുക്കും. ഉല്പാദനത്തിൽ മാത്രമായി ചുരുക്കാതെ ഇതിന്റെ അപാരമായ സാധ്യതകൾ സംയോജിപ്പിക്കുന്നതിന് കൂടുതൽ ക്രോഡീകരിച്ചുള്ള പ്രവർത്തനങ്ങൾ വേണമെന്ന് സർക്കാർ കരുതുന്നു. ടൈറ്റാനിയം അധിഷ്ഠിത വ്യവസായങ്ങളുടെ ഒരു ശൃംഖല രൂപീകരിക്കുക എന്നതാണ് സർക്കാരിന്റെ സമീപനം. ഖനനം, സംസ്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ പരിസ്ഥിതിയിൽ ഉണ്ടാക്കാനിടയുള്ള ഗുരുതരമായ അപകടം കണക്കിലെടുത്തുകൊണ്ട് കർശന മുൻകരുതൽ സ്വീകരിക്കുവാൻ അതീവജാഗ്രത പുലർത്തുന്നതാണ്. ടൈറ്റാനിയത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് പ്രത്യേക പാക്കേജ് ഉണ്ടാക്കാൻ ദേശീയ-അന്തർദേശീയ സംഘടനകളുടെ സഹായം തേടും.

## *13. 0 വ്യാപാരവും വാണിജ്യവും*

13.1 വ്യാപാരത്തിനും വാണിജ്യത്തിനും ഊന്നൽ നൽകി കേരളത്തെ ലോകനിലവാരത്തിലുള്ള ചില്ലറ-മൊത്ത വ്യാപാരം, ബാങ്കിങ്, ഇൻഷുറൻസ്, ആരോഗ്യം, കായികം, വിദ്യാഭ്യാസം, ഐടി എന്നിവയുടെ ഹബാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സാമ്പത്തിക വളർച്ചയ്ക്ക്

സംഭാവന നൽകുന്നുണ്ടെങ്കിലും സാമ്പത്തികക്കുതിപ്പിന് മുഖ്യഉപകരണമെന്ന നിലയിൽ വ്യാപാര മേഖലയെ ഉപയോഗപ്പെടുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ ഈ മേഖലയുടെ വളർച്ചയ്ക്ക് ഒട്ടേറെ സാധ്യതകളുണ്ട്. അതുപോലെ കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും നിർണായക സ്ഥാനവും മനുഷ്യവിഭവശേഷിയുടെ ശക്തിയും കണക്കിലെടുക്കുമ്പോൾ ഈ മേഖലയുടെ സാധ്യത അപാരമാണ്. അതിനായി താഴെ പറയുന്ന നടപടികൾ ആലോചിക്കുന്നു.

**a.** കയറ്റുമതി അടക്കമുള്ള രംഗങ്ങളിലും വ്യാപാരത്തിലും ശേഷി വർധിപ്പിക്കുന്നതിന് സർക്കാർ കെ-ബിപ്പ്, കേരക്സിൽ എന്നിവയെ സംയോജിപ്പിക്കുന്നതിന് ആലോചിക്കുന്നു.

**b.** വ്യാപാര ആവശ്യങ്ങൾക്കായുള്ള അടിസ്ഥാന സൗകര്യത്തിനായി വസ്തു/സ്ഥലം ലഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ശ്രമിക്കും.

**c.** കൃത്യമായ ഇടവേളകളിൽ വൻഷോപ്പിങ് മേളകൾ നടത്തും.

**d.** വാണിജ്യ-വ്യവസായ മേഖലയുമായി ബന്ധപ്പെട്ട ധനകാര്യനിയമങ്ങൾ ലളിതമാക്കും.

**e.** ഗതാഗത, ആശയവിനിമയ രംഗത്തെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കും.

## *14. 0 ഇൻസെന്റീവുകൾ*

14. 1 നിക്ഷേപം ആകർഷിക്കാൻ സംസ്ഥാനത്തിനുള്ള പരമ്പരാഗതമായ ശക്തി ചൂഷണം ചെയ്യാനാണ് സർക്കാർ തീരുമാനം. അർഹതയുള്ളവർക്ക് ഇൻസെന്റീവ് കൊടുക്കുവാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ധനകാര്യ, പ്ലാനിംഗ് വകുപ്പുകളുമായി ആലോചിച്ചായിരിക്കും ഇൻസെന്റീവ് നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നത്.

**a.** മലിനീകരണനിയന്ത്രണം, മാലിന്യസംസ്കരണം എന്നീ മേഖലകളെ സഹായിക്കുന്നതിനായി പ്രോൽസാഹന പദ്ധതി ആവിഷ്കരിക്കും. മൊത്തം ചെലവിന്റെ 50 ശതമാനമോ അല്ലെങ്കിൽ ഏറ്റവും ഉയർന്ന പരിധിയായ 25 ലക്ഷം രൂപയോ ആയി ഇത് നിജപ്പെടുത്തും.

**b.** മുഖ്യമന്ത്രി അധ്യക്ഷനായുള്ള ഉന്നതതല സമിതിയുടെ ശുപാർശപ്രകാരം നൂറു കോടിയോ അതിലധികമോ മൂലധനമുള്ള വൻസംരംഭങ്ങൾക്ക് പ്രത്യേക ഇൻസെന്റീവ് പദ്ധതി.

**c.** കേന്ദ്രസർക്കാരിന്റെ എംഎസ്എംഇ ആക്ടിനനുസൃതമായി എല്ലാതരം വ്യവസായ യൂണിറ്റുകൾക്കും ഇൻസെന്റീവ് നൽകും.

**d.** സൂക്ഷ്മ, ചെറുകിട, മധ്യതല സംരംഭ നിയമത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ലഘു, ചെറുകിട സംരംഭങ്ങൾക്ക് പ്രൈസ് പ്രിഫറൻസ് നടപ്പിലാക്കും.

**e.** നിലവിലുള്ള നെഗറ്റീവ് ലിസ്റ്റ് പരിഷ്കരിക്കുകയും സേവനമേഖലയ്ക്ക് നിലവിൽ ഇൻസെന്റീവ് നൽകുന്നതിനുള്ള വിലക്ക് എടുത്തു കളയുകയും ചെയ്യും. പുതുക്കിയ നെഗ

റ്റീവ് ഇൻഡസ്ട്രീസ് ലിസ്റ്റ് പ്രസിദ്ധീകരിക്കും.

## *15. 0 നഷ്ടത്തിലായ യൂണിറ്റുകളുടെ പുനരുജ്ജീവനം*

15.1. നഷ്ടത്തിലായ വ്യവസായ യൂണിറ്റുകളുടെ പുനരുജ്ജീവനം സാമ്പത്തികസ്ഥാപനങ്ങളുടെ സഹകരണത്തോടെ ത്വരിതപ്പെടുത്തും. ഓരോരോ സ്ഥാപനങ്ങളെ പരിഗണിച്ച് പുനരുജ്ജീവനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുന്നതിന് ജില്ലാതല ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുകയും കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യും. പുനരുജ്ജീവന പദ്ധതി നടപ്പാക്കുന്നതിനു മുമ്പ് ട്രേഡ് യൂണിയൻ, വാണിജ്യം, ഉല്പാദനം, സാമ്പത്തിക വിഭാഗം, മാർക്കറ്റിങ്ങ് എന്നീ മേഖലകളിലെ പ്രതിനിധികളെ ഉൾപ്പെടുത്തിയുള്ള സമിതി ലാഭസാധ്യത വിലയിരുത്തുവാൻ പ്രാഥമിക സർവ്വേ നടത്തും.

## 16. 0 *മനുഷ്യവിഭവശേഷി വികസനം*

16. 1 ലോകനിലവാരത്തിലേക്ക് തൊഴിലാളികളുടെ തൊഴിൽ വൈദഗ്ദ്ധ്യം വളർത്തിയെടുക്കുന്നതിന് കൂട്ടായ ശ്രമം നടത്തും. അടുത്ത ഇരുപത് വർഷം ലക്ഷ്യമാക്കി വൈദഗ്ധ്യവികസനത്തിനായി ഈ മേഖലയിലെ പ്രമുഖ സ്ഥാപനങ്ങളുടെ സഹായത്തോടെ പരിശീലനപദ്ധതി ആവിഷ്കരിക്കും.

**a**. ആധുനിക വ്യവസായങ്ങൾക്ക് ആവശ്യമായ വൈദഗ്ധ്യമെന്തെന്ന് കണ്ടെത്തുന്നതിന് കർമ്മസമിതിക്ക് രൂപം നൽകും.

**b**.സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടെ ഫിനിഷിംഗ് സ്കൂളുകൾ സ്ഥാപിക്കും.

**c**. മൈക്രോ എന്റർപ്രൈസസ് ഡവലപ്പ്മെന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും.

## *17. 0 സംരംഭകത്വ വികസനം*

17.1 സംരംഭകർക്കുള്ള കാര്യങ്ങൾ എത്തിച്ചുകൊടുക്കുക - സപ്ലൈ സൈഡ് - എന്നതിൽനിന്ന് മാറി സംരംഭകരുടെ ഡിമാന്റ് സൈഡായി നിലകൊള്ളുന്ന വലിയൊരു മാറ്റത്തിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പുത്തൻ സംരംഭകത്വസംസ്കാരം സൃഷ്ടിക്കുന്നതിന് പദ്ധതികളും പരിപാടികളും സംഘടിപ്പിക്കും. അവ താഴെ പറയുന്നു.

**a**. സർക്കാർ, അർദ്ധസർക്കാർ, പ്രാദേശിക ഗവൺമെന്റ്, സ്വകാര്യമേഖല എന്നിവിടങ്ങളിൽ സംരംഭകർക്കുള്ള അവസരങ്ങൾ കണ്ടെത്തുന്നതിന് പ്രശസ്തനായ കൺസൾട്ടന്റിന്റെ സേവനം ഉപയോഗപ്പെടുത്തും.

**b**.വ്യവസായവുമായി ബന്ധപ്പെട്ട വിഭിന്ന ആശയങ്ങളുടെ സംയോജനത്തിനും കൈമാറ്റത്തിനും വ്യവസായവകുപ്പിലെ ഉദ്യോഗസ്ഥർക്കുവേണ്ടി പരിശീലനപരിപാടികൾ നടപ്പാക്കും

**c**.വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ക്ലബ്ബുകൾ രൂപീകരിച്ച് മികച്ച പരിശീലനം നൽകും..

### *18. 0 തൊഴിൽബന്ധം*

18. 1 വ്യവസായത്തിന്റെ വളർച്ചയ്ക്കും നിലനിൽപ്പിനുമുള്ള മുൻ ഉപാധികളാണ് ആരോഗ്യപരമായ തൊഴിൽ ബന്ധങ്ങളും നല്ല തൊഴിൽ സംസ്കാരവും. ഇത്തരം സൗഹാർദ്ദപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് മാനേജ്മെന്റിനും തൊഴിലാളികൾക്കും തുല്യപങ്കാണുള്ളത്. സംസ്ഥാനത്തേക്ക് സ്വതന്ത്രമായി നിക്ഷേപം പ്രവഹിക്കാത്തതിനുള്ള ഒരു തടസ്സം തൊഴിലാളികളുടെ സൗഹാർദ്ദപരമല്ലാത്ത സമീപനവും അയവില്ലാത്ത തൊഴിൽ സമ്പ്രദായവുമാണെന്നത് സങ്കല്പാധിഷ്ഠിതമായ ഭയപ്പാണ്. എന്നാൽ ഈ സങ്കല്പം തെറ്റാണെന്ന് സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നു. തൊഴിൽസമരം മൂലം തൊഴിൽദിനങ്ങൾ നഷ്ടമായിട്ടില്ലെന്നാണ് കണക്കുകൾ വെളിപ്പെടുത്തുന്നത്. അടിസ്ഥാനരഹിതമായ ധാരണകൾ മാറ്റുന്നതിനും ആരോഗ്യപരമായ തൊഴിൽബന്ധങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനുമുള്ള പ്രചരണത്തിന് നേതൃത്വം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നു.

**a**. ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം മാനേജ്മെന്റിനായിരിക്കും. പ്രാദേശിക തൊഴിലാളികൾക്ക് കഴിയുന്നത്ര അവസരം നൽകണം.

**b**.വ്യവസായികളും തൊഴിലാളി സംഘടനകളുമായി നിരന്തരമായ ചർച്ചകളിലൂടെ പുതിയ മാനേജ്മെന്റ് സംസ്കാരം പ്രോൽസാഹിപ്പിക്കുന്നതിന് സർക്കാർ നടപടികളെടുക്കും.

**c**. വ്യാവസായിക, തൊഴിൽ വകുപ്പുകൾ ഒന്നുചേർന്ന് പ്രവർത്തിച്ച് കേരളത്തിൽ ആരോഗ്യകരമായ വ്യാവസായികാന്തരീക്ഷം ഉറപ്പാക്കും. തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തൊഴിലാളി സംഘടനകളുടെ സഹകരണം ഉറപ്പാക്കും.

**d**.തൊഴിൽതർക്കം ഉണ്ടായാൽ വേഗത്തിൽ പരിഹരിക്കുന്നതിന് ആർബിട്രേഷൻ സംവിധാനം സജ്ജമാക്കും.

**e**. തർക്കപരിഹാരത്തിനും നയരൂപീകരണത്തിനും പൊതുമേഖലാ ഉപദേശകസമിതിയും ഫാസ്റ്റ് ട്രാക്ക് തൊഴിൽ കോടതിയും സ്ഥാപിക്കും.

## *19. 0 നിക്ഷേപ പ്രോൽസാഹനം*

19. 1 സാമ്പത്തിക വളർച്ചയ്ക്കും തൊഴിലവസരങ്ങളുടെ വർധനയ്ക്കും നികുതി വരുമാനത്തിന്റെ വർധനയ്ക്കും ഇടയാക്കുന്നതും പരസ്പരം പ്രയോജനകരമാകുന്നതുമായ ഏതുതരം നിക്ഷേപവും സർക്കാർ പ്രോൽസാഹിപ്പിക്കും.

19. 2 വ്യവസായം, വ്യാപാരം, വാണിജ്യം, നിക്ഷേപം എന്നിവയുടെ വളർച്ചയ്ക്ക് ദോഷകരമാകാവുന്നതോ കടിഞ്ഞാണിടുന്നതോ ആയ നിയമവിരുദ്ധ പ്രവർത്തനം ഏത് ഏജൻസിയുടെ ഭാഗത്തുനിന്നുണ്ടായാലും സർക്കാർ കർശനമായി നേരിടും.

19. 3 ആഭ്യന്തര വിദേശ നിക്ഷേപങ്ങൾ ആകർഷിക്കുന്ന സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് കൃത്യമായി രൂപകല്പന ചെയ്ത പരിപാടികൾ നടപ്പാക്കും.

19. 4 പ്രധാനപ്പെട്ട വ്യാപാരമേളകളും പ്രോൽസാഹന പരിപാടികളും സർക്കാർ സംഘടിപ്പിക്കുകയും ഇന്ത്യയിലും വിദേശത്തുമുള്ള പ്രധാന വ്യാപാരമേളകളിലും പ്രദർശനങ്ങളിലും കേരളം പങ്കെടുക്കുകയും ചെയ്യും.

19. 5 ഡൽഹിയിലെ റസിഡന്റ് കമ്മീഷണർ ഓഫീസ് കൂടുതൽ കാര്യക്ഷമമാക്കും. കേന്ദ്രനിക്ഷേപം വേണ്ടവിധത്തിൽ വാങ്ങിയെടുക്കുന്നതിനും അന്താരാഷ്ട്രവികസന ഫണ്ടുകൾ ലഭ്യമാക്കുന്നതിനും ഇന്ത്യാ ഇൻവെസ്റ്റ്മെന്റ് സെന്ററുമായി ഫലപ്രദമായി ബന്ധപ്പെടുന്നതിനും ഈ നടപടി ഉപകരിക്കും.

19. 6 വ്യവസായ വകുപ്പ് ഇൻഡസ്ട്രിയൽ പ്രമോഷണൽ ഏജൻസിയായി പ്രവർത്തിക്കും. വ്യവസായം ആരംഭിക്കുന്നതിന് വേഗത്തിൽ ലൈസൻസ് ലഭ്യമാക്കാനുള്ള നടപടി വകുപ്പ്/ഉദ്യോഗസ്ഥൻ സ്വീകരിക്കും.

19. 7 സാമ്പത്തികവളർച്ചയ്ക്കും സാമൂഹ്യനീതിക്കും ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാനത്തെ ഒരു സംരംഭകത്വസമൂഹമാക്കി മാറ്റുവാൻ സഹായകമായ രീതിയിൽ പ്രവർത്തിക്കുന്നതിന് മാധ്യമം, വ്യവസായം, വ്യാപാരം, ഗവൺമെന്റ് എന്നിവയുടെ ഒരു പൊതുസ്ഥിരം വേദി രൂപീകരിക്കും.

19. 8 അഞ്ചു കോടി രൂപയോ അതിനുമേലോ മുതൽമുടക്കുള്ള വ്യവസായങ്ങളിലേക്ക് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുക കെഎസ്ഐഡിസി ആയിരിക്കും.

19.9 വ്യവസായ പ്രോൽസാഹനത്തിന് ഗുണകരമാകുന്ന രീതിയിൽ കെഎസ്ഐഡിസിയുടെ പ്രവർത്തനം കാര്യക്ഷമാക്കും.

**20. 0 ഏകജാലക സംവിധാനം**

20. 1 സംസ്ഥാനത്തെ എല്ലാ മേഖലകളിലും വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന് തടസ്സങ്ങളും കുരുക്കുകളുമില്ലാത്ത നടപടിക്രമങ്ങൾ ആവിഷ്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ ശ്രമത്തിന്റെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും സമിതികൾക്കും പ്രത്യേക ചുമതല നൽകി ഏകജാലകസംവിധാനം ഫലപ്രദമായി നടപ്പിലാക്കും. വ്യാവസായിക-വാണിജ്യ പ്രവർത്തനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് ഏകജാലകബോഡിന് പൂർണ അധികാരം നൽകും. സംസ്ഥാനത്ത് നിക്ഷേപസൗഹാർദ്ദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുതകും വിധം 'കേരളാ സിംഗിൾ വിൻഡോ ക്ലിയറൻസ് ആക്ട് -1999' ഭേദഗതി ചെയ്യും. ലൈസൻസിങ് നടപടികൾ ലഘൂകരിക്കുന്നതിനു രൂപീകരിച്ച പ്രത്യേക സമിതിയുടെ പ്രധാന നിർദ്ദേശങ്ങൾ സ്വീകരിക്കും.

20. 2 യന്ത്രസാമഗ്രികൾക്കും പ്ലാന്റിനും 25 കോടി രൂപ വരെ മുതൽമുടക്ക് വരുന്ന വ്യവസായങ്ങൾക്ക് അനുമതി നൽകുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായ-വാണിജ്യ വകുപ്പ്) അധ്യക്ഷനായുള്ള സംസ്ഥാനതല ക്ലിയറൻസ് കമ്മിറ്റി രൂപീകരിക്കും.

20. 3 പ്ലാന്റിനും യന്ത്രസാമഗ്രികൾക്കും 25 കോടി രൂപയിലേറെ മുതൽമുടക്ക് വേണ്ടിവരുന്ന വ്യവസായങ്ങൾക്ക് അനുമതി നൽകുന്നതിന് മുഖ്യമന്ത്രി അധ്യക്ഷനും വ്യവസായ മന്ത്രി ഉപാധ്യക്ഷനുമായ സംസ്ഥാന ഉന്നതതല ക്ലിയറൻസ് കമ്മിറ്റി രൂപീകരിക്കും.

20. 4 ഏകജാലക സംവിധാനം ഫലപ്രദമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ തമ്മിൽ ശരിയായ ഏകോപനം ഉറപ്പാക്കും. ക്ലിയറൻസ് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് ബാധ്യതയുണ്ടാകും.

20.5 വ്യവസായത്തിന് വൈദ്യുതി നിർണായക ഘടകമാണ്. അതിനാൽ വൈദ്യുതി കണക്ഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സമയബന്ധിതമായി പദ്ധതി നടപ്പാക്കാനുതകുംവിധം കൈകാര്യം ചെയ്യും. ഏകജാലകസംവിധാനംവഴി അനുമതി ലഭിച്ച പദ്ധതികൾക്ക് വേണ്ടി നിയമാനുസൃതം വൈദ്യുതിക്ക് അപേക്ഷ സമർപ്പിച്ച് കഴിഞ്ഞാൽ വേഗത്തിലും സമയബന്ധിതമായും കണക്ഷൻ ലഭ്യമാക്കും.

20.6 ഏകജാലക സംവിധാനത്തിൽ അപേക്ഷ നൽകുന്ന സംരംഭകൻ ആവശ്യമായ രേഖകളെല്ലാം സമർപ്പിച്ചുകഴിഞ്ഞാൽ അനുമതി ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്തം വ്യവസായവകുപ്പിനായിരിക്കും. ഇതിനുവേണ്ടി പ്രത്യേക ഉദ്യോഗസ്ഥന് ചുമതല നൽകും.

**************************************